# അൽഫഹ്





പുസ്തകം 19 ലക്കം 5 ജൂലായ് 2011 വഫാ 1390 റജബ് - ശഅ്ബാൻ 1432


# യഥാർഥ പരിശുദ്ധി കരസ്ഥമാക്കാനും ശുഭകരമായ പര്യവസാനത്തിനുമുള്ള മാർഗം ദുഃആയാകുന്നു.

**അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് V**



ഈ ദിവസങ്ങൾ ദൈവസ്മരണയിൽ കഴിച്ചുകൂട്ടുകയും നഫലുകൾ അനുഷ്ഠിക്കുകയും, സാധ്യമാകുന്നിടത്തോളം ദുഃആകളും ചെയ്യുക. ഒരുപാട് ദുഃആ ചെയ്യണം, കാരണം യഥാർഥ പരിശുദ്ധി കരസ്ഥമാക്കാനും ശുഭകരമായ പര്യവസാനത്തിനും അല്ലാഹു പഠിപ്പിച്ചുതന്ന മാർഗം ദുഃആയാകുന്നു. ഹദ്റത് മസീഹ് മൗഊദ്(അ), ബയ്അത്ത് ചെയ്യുന്നവർക്ക് നൽകിയിരുന്ന ആദ്യ ഉപദേശം ദുആയെ കുറിച്ചായിരുന്നു.

ഞാനും ഇന്ന് ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ പ്രാതിനിധ്യത്തിൽ നിങ്ങളെ ദുഃആയിലേ ക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. ദുഃആ ചെയ്യുക, ദുഃആയിൽ ശക്തി ചെലുത്തുക. ദുഃആ വലിയ നിധിയാകുന്നു. അത് ശക്തിയാണ്. അതു മുഖേന ലോകത്ത് ആത്മീയ വിപ്ലവങ്ങൾ ഉണ്ടാകുന്നു. മനുഷ്യന്റെ യഥാർഥ സൗഭാഗ്യത്തിന്റെയും അവന്റെ സംരക്ഷണവൃത്തത്തിന്റെയും ശരിയായ മാർഗം ദുഃആ തന്നെയാണ്. ഈ ദുഃആ അവന്റെ അഭയകേന്ദ്രവുമാണ്.

ദുഃആ ചെയ്യുന്ന സ്വഭാവം ഉണ്ടാക്കുക. ഈ ആത്മാവ് മക്കളിലും സൃഷ്ടിക്കണം. മക്കൾ ദുഃആ ചെയ്യുന്ന ശീലമുള്ളവരാകും വിധവും അവരുടെ ഹൃദയങ്ങളിൽ അഹ്മദിയ്യത്തിന്റെയും ഖിലാഫത്തിന്റെയും സ്നേഹം ഉണ്ടാകും വിധവും അവർക്ക് ശിക്ഷണം നൽകേണ്ടതാണ്.

(2003 ബ്രസീൽ ജൽസാസാലാനക്ക് അയച്ച സന്ദേശത്തിൽ നിന്ന് )


3. ദുഃആയുടെ അനിവാര്യത

4. ദുഃആയുടെ യാഥാർഥ്യം

5. ഓർത്തിരിക്കാൻ ചില ദുഃആകൾ

6. ദുഃആയിലുള്ള വിശ്വാസം

7. പലിശയും കച്ചവടലാഭവും

10. മണിചെയിൻ - അംഗങ്ങളാകാൻ ഭൗമേതര ജീവികളും!

11. കണ്ണീരിൽ ചാലിച്ച കത്ത്

12. നബി(സ)ന്റെ ഭാര്യമാർ




45-ാ മത്
യു.കെ ജൽസാ സാലാനാ
2011 ജൂലൈ 22, 23, 24
(വെള്ളി, ശനി, ഞായർ)
ഹദീഖത്തുൽ മഹ്ദി -ലണ്ടൻ

## ഇസ്ലാമിക സന്ദേശം പരത്തുക

ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ വാദങ്ങളിൽ ദൃഢവിശ്വാസമർപ്പിച്ചുകൊണ്ട് അവിടുത്തെ ദൗത്യത്തെ വ്യാപിപ്പിക്കേണ്ടത് നമുക്ക് അനിവാര്യമാണ്. തങ്ങളുടെയും തലമുറകളുടെയും പരിഷ്കരണത്തിൽ ശ്രദ്ധിക്കുകയും, തങ്ങളേയും തലമുറകളേയും അനാചാരങ്ങളിൽ നിന്ന് രക്ഷിക്കുകയും വേണം. യഥാർഥ ഇസ്ലാമിക അധ്യാപനങ്ങളെ തങ്ങളിൽ നടപ്പിൽ വരുത്തുന്നതോടൊപ്പം അതിനെ പരത്തേണ്ടതും അനിവാര്യമാണ്. ഇക്കാലത്ത് ഗ്രന്ഥങ്ങളും മാസികകളും ടി. വി. ചാനലുകളും മുഖേന പ്രചാരണ പരിപാടികൾ നടന്നു വരുന്നു. നമുക്ക് മേലുള്ള ഉത്തരവാദിത്വം ഈ പ്രവർത്തനങ്ങളെ മുന്നോട്ടായ്ക്കുക എന്നതാണ്.

**അമീറുൽ മുഅ്മിനീൻ**
ജുമുഅ ഖുത്ബ 2011 ജൂൺ 10

## ഇമാമുസമാന്റെ ഫത്‌വകൾ



### നമസ്കാരത്തിൽ സ്വന്തം ഭാഷയിൽ ദുആ

എല്ലാ ഭാഷയും അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതാണ്. മനുഷ്യന് തനിക്ക് ഏറ്റവും നല്ലവണ്ണം അറിയാവുന്ന ഭാഷയിൽ നമസ്കാരത്തിൽ ദുആ ചെയ്യേണ്ടതാണ്. കാരണം അതിന്റെ പ്രഭാവം ഹൃദയത്തിൽ ഉണ്ടാവുന്നു. തന്മൂലം വിനയവും, ഭയഭക്തിയും ഉണ്ടാകുന്നതാ ണ്. ദൈവിക വചനങ്ങൾ അറബിയിൽ ചൊല്ലുക. അതിന്റെ അർത്ഥം ഓർത്തിരിക്കുക. പ്രാർത്ഥന തീർച്ചയായും സ്വന്തം ഭാഷയിൽ ചെയ്യുക. നമസ്കാരം വളരെ ധൃതിയിൽ അനുഷ്ടിക്കുകയും, അതിനു ശേഷം ദൈർഘ്യമേറിയ ദുആകളിൽ ഏർപ്പെടുകയും ചെയ്യുന്നവർ യാഥാർത്ഥ്യം തിരിച്ചറിഞ്ഞിട്ടില്ല. ദുആയുടെ സമയം നമസ്കാരമാകുന്നു. നമസ്കാരത്തിൽ വളരെയധികം ദുആ ചെയ്യുക. (ബദർ,1-8-1907)

ഒരാൾ ചോദിച്ചു, ഹുസൂർ. ഇമാം തന്റെ ഭാഷയിൽ-ഉദാഹരണത്തിന് ഉറുദുവിൽ-ഉയർന്ന ശബ്ദത്തിൽ ദുആ ചെയ്യുകയും, പിന്നിൽ ആമീൻ പറയുകയും ചെയ്യൽ അനുവദനീയമാണോ? ഹുസൂർ പറഞ്ഞിട്ടുള്ളത്, സ്വന്തം ഭാഷയിൽ ദുആ ചെയ്യാനാണല്ലോ?

ഹുസൂർ പറഞ്ഞു, ദുആ ഉയർന്ന ശബ്ദത്തിൽ ചെയ്യേണ്ട ആവശ്യമെന്താണ്. അല്ലാഹു പറയു ന്നത്. **തള്വർറുഅൻ വ ഖുഫിയത്തൻ, ദൂനൽ ജഹ്റ മിനൽ ഖൗലി.** ചോദിക്കപ്പെട്ടു, ഖുനൂത്ത് ഒച്ചത്തിൽ ചൊല്ലാറുണ്ടല്ലോ? അതിനു മറുപടിയായി പറഞ്ഞു, അത് ശരിയാണ്, ഖുർആനിലും, ഹദീസിലും വന്നി ട്ടുള്ള ദുആകൾ സംശയലേശമന്യേ ഉച്ചത്തിൽ ചൊല്ലാവുന്നതാണ്. മറ്റു ദുആകൾ ഓരോരുത്തരുടെയും അവസ്ഥയും താല്പര്യവുമനുസരിച്ചായിരിക്കും, അത് മനസ്സിൽ തന്നെ ചൊല്ലേണ്ടതാണ്. (ബദർ-1-8-1907)

### നമസ്കാരത്തിൽ ദുആയുടെ സ്ഥാനങ്ങൾ

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. നമസ്കാരത്തിൽ തന്നെ - സുജൂദിലും, ഇരുന്നുകൊണ്ടും, റുക്കൂഇലും-സ്വന്തം ഭാഷയിൽ അല്ലാഹുവിന്റെ സവിധത്തിൽ ദുആചെയ്യുക. നിന്നു കൊണ്ടും എല്ലാ സ്ഥാനത്തും അല്ലാഹുവിന്റെ സവിധത്തിൽ ദുആ ചെയ്യുക. തീർച്ചയായും പഞ്ചാബിയിലും ദുആ ചെയ്യാവുന്നതാണ്. ഭാഷ അറബിയല്ലാത്തവർക്കും, അറബി ഭാഷ മനസിലാക്കാൻ കഴിയാത്തവർക്കും വിശുദ്ധ ഖുർആൻ ഓതുകയും, സുന്നത്താക്കപ്പെട്ട ദുആകൾ ചൊല്ലിയതിനും ശേഷം നമസ്കാരത്തിൽ തന്നെ സ്വന്തം ഭാഷയിൽ അല്ലാഹുവിനോട് ദുആ ചെയ്യേണ്ടത് അനിവാ ര്യമാണ്. അറബിയിലെ പ്രാർത്ഥനകളുടെയും, ഖുർആൻ ശരീഫിന്റെയും അർത്ഥം പഠിക്കേണ്ട താണ്. നമസ്കാരം ഊമയെ പോലെ അനു ഷ്ഠിക്കരുത്. മറിച്ച് അതിന്റെ അർത്ഥത്തിൽ നിന്നും, യാഥാർഥ്യത്തിൽ നിന്നും ദിവ്യജ്ഞാനം കരസ്ഥമാക്കുക. ഞങ്ങൾ നിന്റെ പാപികളായ ദാസൻമാരാണ്, ഇച്ഛകൾക്ക് അടിപ്പെട്ടു കൊണ്ടിരിക്കു കയാണ്. ഞങ്ങൾക്ക് പൊറുത്ത് തരേണമേ, ഇഹപര ലോകത്തിന്റെ ആപത്തുകളിൽ നിന്ന് ഞങ്ങളെ രക്ഷിക്കേണമേ എന്നും അല്ലാഹുവിനോട് ദുആ ചെയ്യുക.

(അൽഹക്കം-31-3-1906)

### ദുആയിൽ ഏകവചനത്തെ ബഹുവചനമായി ഉപയോഗിക്കുക

ഒരാളുടെ ചോദ്യം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സവിധത്തിൽ സമർപ്പിക്കപ്പെടുകയുണ്ടായി. അതായത്, ഞാൻ ഒരു പള്ളിയിലെ ഇമാമാണ്. മനുഷ്യന്റെ വ്യക്തിപരമായ കാര്യങ്ങൾക്കു വേണ്ടിയുള്ള ചില ദുആകളിൽ പ്രയുക്തമായിട്ടുള്ള ഏകവചന രൂപത്തെ ബഹുവചന രൂപത്തിൽ ചൊല്ലിക്കൊണ്ട് തന്റെ ദുആകളിൽ പിന്നിൽ നിൽക്കുന്നവരെയും ഉൾപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിന് എന്താണ് മതവിധി?

പറഞ്ഞു, വിശുദ്ധ ഖുർആനിലെ പ്രാർത്ഥനകളിൽ മാറ്റങ്ങൾ അനുവദനീയമല്ല. കാരണം അത് അല്ലാഹുവിന്റെ വചനങ്ങളാകുന്നു. ഖുർആനിൽ ഉള്ളതുപോലെതന്നെ അവ ചൊല്ലേണ്ടതാണ്.എന്നാൽ ഹദീസിൽ വന്നിട്ടുള്ള ദുആകളിൽ ഏകവചനത്തിനു പകരം ബഹുവചനം ചൊല്ലാവുന്നതാണ്."

(ബദർ- 4-4-1907)

**സമ്പാ: മുഹമ്മദ് നജീബ് ഖാൻ**

## കർമശാസ്ത്രം

# നമസ്കാരത്തിന് ശേഷമുള്ള പ്രാർഥന

ഇക്കാലത്ത് ആളുകൾ നമസ്കാരം പെട്ടെന്ന് നിർവ്വഹിക്കുകയും തുടർന്ന് നീണ്ട പ്രാർത്ഥനക്കായിരിക്കുകയും ചെയ്യുന്നു. ഇത് ബിദ്അത്താകുന്നു. അസ്വസ്ഥതയും ദൈവത്തിലേക്കുള്ള മടക്കവും അവനോട് വേദനയുമുളവാക്കാത്ത നമസ്കാരം പാഴായിപ്പോകുന്നു. ഏതുപ്പോലെയെന്നാൽ ഭയാനകമായ കേസിൽ പിടിക്കപ്പെട്ടുകയും അനന്തരം തടവിലാക്കുന്നതിനോ തൂക്കിലേറ്റുന്നതിനോ ഉള്ള വിധികേട്ട് ന്യായാധിപന്റെ മുമ്പിൽ നിൽക്കുകയും ചെയ്യുന്ന ഒരാളെപ്പോലെ അങ്ങേയറ്റം ഭയവിഹ്വലതയോടെ ദൈവ സവിധത്തിൽ നിൽക്കേണ്ടതാണ്.

ഹൃദയം ഒരിടത്തും ചിന്തകൾ മറ്റൊരിടത്തുമായിരിക്കുകയും അതേ സമയം ചുണ്ടുകളിൽ നിന്ന് വല്ലതും പുറപ്പെടുകയും ചെയ്യുന്ന വിധത്തിലുള്ള നമസ്കാരം ശപ്തമായതാകുന്നു. അത്തരം നമസ്കാരമനുഷ്ഠിക്കുന്നവന്റെ മുഖത്തേക്ക് തന്നെ അത് വലിച്ചെറിയപ്പെടുന്നു. അത് സ്വീകരിക്കപ്പെടുന്നതല്ല. അല്ലാഹു പറയുകയാണ്: (തങ്ങളുടെ നമസ്കാരത്തെപ്പറ്റി അശ്രദ്ധരായ നമസ്കാരക്കാർക്ക് നാശം) ആനന്ദം ലഭിക്കുകയും നമസ്കാരം മുഖേന പാപവിരക്തി തോന്നുമാറാകുകയും ചെയ്യുന്ന നമസ്കാരത്തെ സംബന്ധിച്ചാണ് അത് വിശ്വാസികളുടെ ആത്മീയ സോപാനമാകുന്നുവെന്ന് നിർവ്വചിച്ചിരിക്കുന്നത്. നമസ്കാരം വിശ്വാസിയുടെ അഭിവൃദ്ധിക്കുള്ള മാർഗമാകുന്നു. പറയുന്നു: നന്മകൾ തിന്മകളെ അകറ്റിക്കളയുന്നതാണ്. നോക്കുക! ലുബ്ധനോടും ഒരാൾ ചോദിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ഏതെങ്കിലുമൊരു നേരത്ത് അയാൾ എന്തെങ്കിലും നല്കുകയും കരുണകാട്ടുകയും ചെയ്യുന്നു. എന്നാൽ നിങ്ങൾ എന്നോട് ചോദിക്കുക. ഞാൻ നിങ്ങൾക്ക് ഉത്തരം നല്കുന്നതാണെന്ന് ദൈവം തന്നെ കല്പിച്ചിരിക്കുകയാണ്.

**ഫിഖ്ഹ് അഹ്മദിയ്യാ വിവ: ടി.കെ. മഹ്മൂദ് കൽകുളം**

ഹ. മസീഹ് മൗഊദ്(അ) പറയുന്നു:-

### എന്റെ ദുആ ലഭിക്കണമെങ്കിൽ

നമ്മുടെ സ്നേഹം ലഭിക്കണമെന്നും, നമ്മുടെ വേദനയൂറുന്ന ദുഃആകളും അർഥനകളും വാനലോകത്ത് തനിക്കും ലഭിക്കണമെന്നും ആഗ്രഹിക്കുന്നവർ, താൻ ദീനീ സേവനത്തിന് കഴിവുള്ളവനാണെന്ന് നമ്മെ ബോധ്യപ്പെടുത്തട്ടെ.

(മൽഫൂസാത്ത് ഭാഗം: 1, പേജ്: 113)

### ദുഃആ ചെയ്യുമ്പോൾ

ഞാൻ സ്ഥിരമായി ചില പ്രാർഥനകൾ ചെയ്യാറുണ്ട്.

**1.** സ്വന്തം ആത്മാവിനു വേണ്ടി, അതായത് എനിക്ക് എന്റെ പ്രവർത്തനങ്ങൾ അല്ലാഹുവിന്റെ അന്തസും പ്രതാപവും വെളിപ്പെടുത്തുന്നവയാകണം. അവന്റെ അഭീഷ്ടത്തിന് പൂർണമായും സൗഭാഗ്യം ലഭിക്കാനും.

**2.** പിന്നെ എന്റെ വീട്ടിലെ ആളുകൾക്ക് വേണ്ടി ദുഃആ ചെയ്യുന്നു. അതായത് അവരിൽ നിന്ന് കൺ കുളിർമ ലഭിക്കാനും അവർ അല്ലാഹുവിന്റെ മാർഗത്തിൽ ചലിക്കാനും.

**3.** തുടർന്ന് എന്റെ മക്കൾക്ക് വേണ്ടി ദുഃആ ചെയ്യുന്നു. അതായത് അവരെല്ലാം ദീനിന്റെ സേവകരാവുന്നതിന്.

**4.** പിന്നെ എന്റെ ആത്മാർഥമായ സുഹൃത്തുകൾക്ക്. ഓരോരുത്തർക്കും വേണ്ടി പേരെടുത്ത് (ദുഃആ ചെയ്യുന്നു)


**5.** തുടർന്ന്, ഈ പ്രസ്ഥാനത്തിലെ എല്ലാവർക്കും വേണ്ടി. അവരെ ഞാൻ അറിഞ്ഞാലും ഇല്ലെങ്കിലും. (അൽഹക്കം )

തഫ്സീർ

ഹദ്റത്ത് ഹാഫിസ് മിർസാ നാസിർ അഹ്മദ് (റഹ്)



قُلْ مَا يَعْبَؤُا بِكُمْ رَبِّي لَوْلَا دُعَآؤُكُمْ ۚ فَقَدْ كَذَّبْتُمْ فَسَوْفَ يَكُونُ لِزَامًا



# ദുഃആയുടെ അനിവാര്യത

ദൈവിക പ്രസ്ഥാനങ്ങൾക്ക് പ്രാർത്ഥന കൂടാതെ ഒരു തരത്തിലും വിജയിക്കാൻ സാധിക്കുകയില്ല.ആയതിനാൽ സൂറാ ഫുർഖാനിലെ അവസാനത്തിൽ അല്ലാഹു പറയുന്നു.

قُلْ مَا يَعْبَؤُا بِكُمْ رَبِّي لَوْلَا دُعَآؤُكُمْ ۚ فَقَدْ كَذَّبْتُمْ فَسَوْفَ يَكُونُ لِزَامًا

പ്രവാചകരേ, താങ്കൾ പറയുക നിങ്ങളിൽ നിന്നുള്ള പ്രാർത്ഥന ഇല്ലെങ്കിൽ പിന്നെ എന്റെ നാഥൻ നിങ്ങളെ എങ്ങനെ വില വെക്കാനാണ്. **ലൗ ലാ ദുആഉക്കും** എന്നതിന് നിഘണ്ടുവിൽ **ദആഹു നാദാഹു** അവൻ അവനെ വിളിച്ചു എന്നാണ്.

**റഗിബ ഇലൈഹി** (അൽ മുൻജിദ് ബാബ് അദ്ദാൽ) അവനിലേക്ക് തൽപരനായി **ഇസ്തിആനഹു** ((അൽ മുൻജിദ് ബാബ് അദ്ദാൽ) അവനോട് സഹായം അഭ്യർത്ഥിച്ചു. ഈ അർത്ഥങ്ങളുടെ അടിസ്ഥാനത്തിൽ ഈ ആയത്തിന്റെ അർത്ഥമിതാണ്;

ഏത് വരെ നീ അല്ലാഹുവിനെ അവൻ നിന്റെ സ്വന്തം പ്രതീക്ഷയും ലക്ഷ്യവും നിന്റെ പ്രിയപ്പെട്ടവനുമായ അവനെ അവന്റെ സഹായത്തിനും പിന്തുണക്കും വേണ്ടി വിളിക്കുന്നില്ലയോ **മായഅ്ബഉ ബിക്കും റബ്ബീ.** നിങ്ങളെ അവന് എന്ത് വിലയാണുണ്ടാവുക. അവൻ യഅ്ബഉ എന്നതിന്റെ പൊരുൾ പ്രകാരം നിങ്ങളോട് പെരുമാറുകയില്ല.....................

ഈ ആയത്തിൽ പറഞ്ഞിരിക്കുന്നത്, നിങ്ങളുടെ പ്രാർത്ഥനകൾ അവന്റെ കാരുണ്യത്തിന്റെയും സൗന്ദര്യത്തിന്റെയും പ്രഭയെ ആകർഷിച്ചടുപ്പിച്ചാലല്ലാതെ അല്ലാഹു നിങ്ങളോട് അബഅ എന്നതിന്റെ പൊരുൾ അനുസരിച്ച് പെരുമാറുകയില്ല എന്നാണ്. ഒന്നാമതായി അല്ലാഹു പറയുന്നു ഏത് വരെ നിങ്ങൾ എന്റെ മുന്നിൽ വിനയത്തോടെയും എളിമയോടെയും കഴിയുന്നില്ലയോ എന്നോട് സഹായം അപേക്ഷിക്കുന്നില്ലയോ എന്റെ പരിപൂർണ്ണ ശക്തിയിൽ വിശ്വാസമർപ്പിക്കുന്നില്ലയോ എന്റെ കടാക്ഷമില്ലാതെ നിങ്ങൾക്ക് ഒരിക്കലും വിജയിക്കാൻ സാധിക്കുകയില്ലാ എന്ന് ദൃഢബോധ്യം ഉണ്ടാകുന്നില്ലയോ അത് വരെ എന്റെ ദൃഷ്ടിയിൽ നിങ്ങൾക്ക് ഒരു വിലയും നിലയുമുണ്ടായിരിക്കുന്നതല്ല.നിങ്ങളുടെ കർമ്മങ്ങൾക്ക് എന്റെ കണ്ണിൽ തൂക്കവുമുണ്ടാകില്ല.

യഅ്ബഉ എന്നതിന്റെ രണ്ടാമത്തെ അർത്ഥപ്രകാരം ഈ ആയത്തിൽ അല്ലാഹു പറയുന്നത് ,നിങ്ങൾ ദുആ ഉപയോഗപ്പെടുത്തുന്നില്ലായെങ്കിൽ അല്ലാഹു നിങ്ങളുടെ മോക്ഷത്തിനുള്ള സാധനസാമഗ്രികൾ ഒരുക്കുന്നില്ല എന്നാണ്. മായുബ്ഥീക്കും ലൗലാ ദുആഉക്കും അതായത് , താഴ്മയോടെയുള്ള പ്രാർത്ഥന കൂടാതെ നിങ്ങൾക്ക് അല്ലാഹുവിന്റെ ഖയ്യൂമിയ്യത്തിന്റെ ഒളി പ്രകടമാകുന്നതല്ല.

ഖുൽ മാ യഅ്ബഉ ബിക്കും റബ്ബീ എന്നതിന്റെ മൂന്നാമത്തെ അർത്ഥപ്രകാരമുള്ള വ്യാഖ്യാനം ; ആകാശത്ത് നിന്നും മലക്കുകളുടെ സൈന്യം ഇറങ്ങുന്നത് വരെ നിങ്ങളുടെ ഒരുക്കമൊന്നും തന്നെ വിജയത്തിന്റെ മുഖം ദർശിക്കുന്നതല്ലാ എന്ന് ഓർത്തിരിക്കേണ്ടതാണ് എന്നാണ്. അല്ലാഹു പറയുന്നു ,എന്റെ അനുമതിയും കൽപനയും പ്രകാരം ആകാശത്ത് നിന്നും മലക്കുകൾ ഇറങ്ങുകയും നിങ്ങളെ സഹായിക്കുകയും ചെയ്യണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ദുആ മുഖേന നിങ്ങൾ എന്റെ ഈ അനുഗ്രഹം കരസ്ഥമാക്കുക.

എന്തെന്നാൽ അബഅ്ത്തുൽ ജൈശ എന്നതിന്റെ അർ.ത്ഥം ഹയ്യാത്തുഹൂ എന്നാണ്. അതായത്, സൈന്യത്തെ പൂർണ്ണമായും സന്നദ്ധരാക്കി എന്തൊരു ഉദ്ദേശ്യത്തോടെയാണോ തയ്യാറാക്കിയത് അതിനെ പ്രാപിക്കാൻ വേണ്ടി പുറപ്പെടുക എന്ന് കൽപിച്ചു.

നാലാമത്തെ മാധുര്യമേറിയ അർത്ഥമനുസരിച്ച് ഈ ആയത്തിന്റെ പൊരുൾ ഏത് വരെ നിങ്ങൾ ദുആ മുഖേന അവന്റെ പരാർത്ഥ ബുദ്ധിയെ അന്വേഷിക്കുന്നില്ലയോ അത് വരെ അല്ലാഹു നിങ്ങൾക്ക് വേണ്ടി സംരക്ഷണബോധം പ്രകടമാക്കുന്നതല്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരിടത്ത് പറയുന്നു:

അബ് ഗൈറോം സെ ലഡായി കെ മഅനാ ഹീ ക്യാ ഹുവേ

തും ഖുദ് ഹീ ഗൈർ ബൻ കെ മഹല്ലെ സസാ ഹുവേ

അന്യരോടേറ്റ് മുട്ടുമെന്നതിനർത്ഥമെന്താണിനി നിങ്ങൾ സ്വയം തന്നെ അന്യരായിക്കൊണ്ട് ശിക്ഷയ്ക്കർഹരായി.

(തുഹ്ഫാ ഗോൾഡവിയ്യ )

അപ്പോൾ അല്ലാഹു ഇവിടെ പറയുന്നു, പ്രാർത്ഥനയ്ക്ക് മാത്രമേ ഈ അപരത എന്ന മറയെ കീറിമുറിക്കാൻ സാധിക്കുകയുള്ളൂ. നിങ്ങൾ ദുആ കൊണ്ട് എന്റെ സ്നേഹത്തിലൂടെ എന്റെ സഹായവും സഹകരണവും അന്വേഷിക്കുന്നവരാകുകയാണെങ്കിൽ നമുക്കിടയിൽ ഒരു അപരത്വവും അവശേഷിക്കാത്ത വിധത്തിൽ അതിന് വേണ്ട സാഹചര്യം ഞാൻ ഉണ്ടാക്കുന്നതാണ്. അപ്പോൾ എന്റെ സംരക്ഷണബോധം നിങ്ങൾക്ക് വേണ്ടി ആവേശം കൊള്ളുകയും നിങ്ങൾക്ക് നിങ്ങളുടെ ലക്ഷ്യത്തെ പ്രാപിക്കാൻ കഴിയുകയും ചെയ്യുന്നതാണ്.

ചുരുക്കത്തിൽ ഈ ചെറിയ ആയത്തിൽ അല്ലാഹു വളരെ വിശാലമായ വിഷയങ്ങളാണ് പ്രതിപാദിച്ചിരിക്കുന്നത്. ഞാൻ അതിനെ ചുരുക്കി വിവരിച്ചിരിക്കുകയാണ്.തുടർന്ന് അല്ലാഹു പറയുന്നു, ഫഖദ് കദ്ദബ്ത്തും അതായത് നിങ്ങൾ പ്രാർത്ഥനയിലേക്ക് ശ്രദ്ധിക്കാതിരിക്കുകയും അല്ലാഹുവിന്റെ വിളിക്ക് ഉത്തരം പറഞ്ഞ് കൊണ്ട് രാപകൽ ദുആകളിൽ മുഴുകിക്കൊണ്ടിരിക്കുന്ന ഈ ജമാഅത്തിൽ ചേരാതിരിക്കുകയും ചെയ്യുകയാണെങ്കിൽ ദുആ കൂടാതെ അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഒരു കർമ്മത്തിനും ഒരു ഭാരവുമുണ്ടായിരിക്കില്ല. ഏതെങ്കിലും സമുദായത്തിനോ ഏതെങ്കിലും ആൾക്കോ ഒരു നിലയും വിലയുമുണ്ടാകില്ല എന്നുള്ള കാര്യ ത്തെ നിങ്ങൾ അന്യഥാകരിക്കുകയാണ് ചെയ്യുന്നത്. നിങ്ങളു ടെ സഹായത്തിനായി എല്ലാത്തിനേയും നിലനിർത്തുന്നവനാ യ ദൈവത്തിന്റെ കൽപനയും ഇംഗിതവും ഉദ്ദേശ്യവും ആവശ്യമാണെന്നുള്ള കാര്യത്തേയും നിഷേധിക്കുന്നവരാണ് നിങ്ങൾ. മനുഷ്യന് വിജയം കരസ്ഥമാക്കാൻ സാധിക്കുന്നത് അവന്റെ ലക്ഷ്യപ്രാപ്തിക്കായി ആകാശത്ത് നിന്നും മലക്കുകളുടെ കൂട്ടം കൂട്ടമായുള്ള ഇറക്കം സംഭവിക്കുകയും അവർ മനുഷ്യവർഗ്ഗത്തിന്റെ ഹൃദയങ്ങളിൽ ഒരു പരിശുദ്ധ മാറ്റം സൃഷ്ടിക്കുമ്പോഴുമാണ് എന്നുള്ള കാര്യത്തെയും നിങ്ങൾ അന്യഥാകരിക്കുകയാണ് ചെയ്യുന്നത്.

അല്ലാഹുവിനും നിങ്ങൾക്കുമിടയിൽ അപരത നിലനിൽക്കുവോളം കാലം അല്ലാഹുവിന്റെ സഹായം ഇറങ്ങുകയില്ല എന്ന കാര്യത്തെയും നിങ്ങൾ നിഷേധിക്കുന്നു.

(ഖുതുബാത്തെ നാസിർ, വാള്യം 1 പേജ് 197 - 200)

വിവ: കെ.നജ്മുദ്ദീൻ ,മുറിയക്കണ്ണി

---

## ഖാദിംകളോട്



മുസ്‌ലിഹ് മൗഊദ്(റ)

## ദുഃആയുടെ മഹത്വം മനസ്സിലാക്കാത്തതുവരെ വിജയം വരിക്കാൻ സാധ്യമല്ല

ജമാഅത്തിലെ സുഹൃത്തുക്കൾ പ്രത്യേകിച്ചും യുവാക്കൾ നമസ്കരിക്കുന്നതും ദുഃആ ചെയ്യുന്നതും ശീലമാക്കേണ്ടതാണ്. നമ്മുടെ പ്രവൃത്തികൾ കൂടാതെ നാം ഇപ്രകാരം ദുഃആ കൂടി ചെയ്യേണ്ടതാണ്. അല്ലാഹുവേ! ഞങ്ങളുടെ കഴിവിനനുസരിച്ച് ഞങ്ങൾ പരിശ്രമിച്ചു. ഇനി നീ തന്നെ ഈ പ്രവൃത്തിയെ പൂർത്തീകരിച്ചാലും. എന്തെന്നാൽ ഈ ജോലി ഞങ്ങളുടെ കഴിവിനതീതമാണ്. ആദ്യം നിങ്ങൾ ഫർള് കാര്യങ്ങൾ ചെയ്യുന്നതിലേക്ക് ശ്രദ്ധിക്കുവിൻ. അഥവാ നിങ്ങൾ പ്രാർത്ഥിക്കുന്നവരാണെങ്കിൽ പിന്നെ എനിക്ക് ഇങ്ങനെ ഒരു ഖുത്വ്ബയുടെയും ആവശ്യം തന്നെയില്ല. ഇനി നിങ്ങളുടെ ഉള്ളിൽ തെറ്റുകളും കുറവുകളും ഉണ്ടെങ്കിലും ഈ തെറ്റുകളും കുറവുകളും നീ ദുരീകരിച്ചു തരേണമേ എന്ന് അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നുണ്ടെങ്കിൽ, ആ പ്രാർത്ഥന തന്നെ അതിനെ ദുരീകരിക്കുന്നതാണ്. നിങ്ങൾ നമസ്കാരത്തിൽ ബലഹീനരാണെങ്കിലും ഈ ബലഹീനതയെ അകറ്റിതരേണമേ എന്ന് പ്രാർത്ഥിക്കുകയും നിങ്ങളുടെ ഉള്ളിൽ ഈ ബലഹീനതയെ കുറിച്ച് ബോധമുണ്ടാവുകയും ചെയ്യുന്നുവെങ്കിൽ, അല്ലാഹു തആലാ ആ ബലഹീനതയെ അകറ്റിത്തരുന്നതാണ്. അങ്ങനെ നിങ്ങൾ സ്വയമേവെ നമസ്കാരത്തിൽ കൃത്യനിഷ്ഠ ഉള്ളവരായിത്തീരുന്നു. നിങ്ങളുടെ ഉള്ളിൽ നിങ്ങൾ തന്നെ ഒരു പരിവർത്തനം ഉണ്ടാക്കുമ്പോൾ മാത്രമാണ് അല്ലാഹുവിന്റെ സഹായവും നിങ്ങൾക്ക് കരഗതമാവുകയുള്ളൂ.

നിങ്ങളുടെ ഉള്ളിൽ ഉത്സാഹവും സ്നേഹവും ഉണ്ടെങ്കിൽ അതോടൊപ്പം നിങ്ങൾ ദുഃആ കൂടി ചെയ്താൽ നിങ്ങൾ വിജയികളായിത്തീരുന്നു. മറിച്ചായാൽ വിജയം കരസ്ഥമാക്കാൻ നിങ്ങൾക്ക് സാധ്യമല്ല. അതിനാൽ നിങ്ങളുടെ ഉള്ളിൽ ഉത്സാഹവും സൽസ്വഭാവവും പ്രാർത്ഥനയിലുള്ള വിശ്വാസവും ഉണ്ടാക്കിയെടുക്കുകയാണാവശ്യം. ഞാൻ ജമാഅത്തിലുള്ളവരോട് പ്രത്യേകിച്ചും യുവാക്കളോട് അവരുടെ ഉള്ളിൽ ദുഃആ ചെയ്യുന്നത് ശീലമാക്കുന്നതിനെ കുറിച്ച് ശ്രദ്ധ ചെലുത്താൻ ആഗ്രഹിക്കുന്നു. പഴയ ആളുകൾ (ഹ) മസീഹ് മൗഊദ്(അ)യുടെ കാലഘട്ടം കണ്ടവരാണ്. അവരുടെ ഉള്ളിൽ ദുഃആ ചെയ്യുന്ന ശീലവും നമുക്ക് ദർശിക്കാൻ സാധിക്കുന്നു. ഇപ്പോൾ യുവാക്കളും തങ്ങളുടെ ഉള്ളിൽ ഈ ഒരു ശീലം വളർത്തിയെടുക്കാൻ പരിശ്രമിക്കേണ്ടതാണ്. അല്ലാഹുവിനു മുൻപിൽ കരയാനും ശീലിക്കേണ്ടതാണ്. ആരെങ്കിലും പൂർണമായ ആത്മാർഥതയോടെയും വിശ്വാസത്തോടെയും ഉത്സാഹത്തോടെയും ഇതുപോലെ വർത്തിക്കുന്നതായാൽ അവർക്ക് അല്ലാഹുവിന്റെ സഹായവും ലഭിക്കുന്നതാണ്. അങ്ങനെ അവരുടെ അവസ്ഥ നേരെയാവുകയും വിജയത്തിന്റെ പാത അവർക്കായി തുറക്കപ്പെടുകയും ചെയ്യുന്നതാണ്.

(മശ്അലെ രാഹ് - വാള്യം - 1 പേജ് - 526)

വിവർത്തനം - നസീം അഹ്മദ് ചേലക്കര




**അൽഹഖ്**
വാർത്താപത്രിക
2011 ജൂലായ്
പുസ്തകം 19 ലക്കം 5

## ജീവൽ ദൈവം

പ്രവാചകന്മാരുടെ ആഗമന കാലത്ത് നിഷേധികൾ വച്ചുപുലർത്തുന്ന ഒരു പൊതു വിശ്വാസം ദൈവം സംസാരം നിർത്തിയിരിക്കുന്നുവെന്നാണ്. മത വൈജാത്യങ്ങൾക്കതീതമായ ഈ വീക്ഷണം പ്രവാചക വൃത്താന്തങ്ങളിലുടനീളം കാണാൻ കഴിയും. ഇക്കാര്യത്തിൽ വൈരത്തിനും, വൈര നിര്യാതന ബുദ്ധിക്കും അപ്പുറത്ത് നിഷേധികൾ ഒരേ സ്വഭാവക്കാരാണ്.അത്തരം സന്ദർഭങ്ങളിലെല്ലാം ദൈവം തന്റെ തേജോമയമായ വാഗ്‌വിലാസം കൊണ്ട് വരിഷ്ഠദാസരെ അനുഗ്രഹിക്കുകയും അവർ സചേതനമായ ഒരു ലോകക്രമത്തിന് ആരംഭം കുറിക്കുകയും ചെയ്യുന്നു. നബി(സ)ന്റെ കാലത്താണ് അതിന്റെ ഏറ്റവും ഉന്നതവും ഉദാത്തവുമായ നിദർശനങ്ങൾക്ക് ലോകം സാക്ഷ്യം വഹിച്ചത്. അതേ, ഒരു ജീവൽ ദൈവത്തെ പ്രവാചകൻ(സ) ലോകത്തിന് പരിചയപ്പെടുത്തിക്കൊടുത്തു.

പക്ഷേ, കാലാന്തരേണ മുൻകാല സമുദായങ്ങളെ അനുധാവനം ചെയ്ത മുസ്‌ലിം ഉമ്മത്തും ദൈവിക ഭാഷണത്തെ പാടെ തള്ളിക്കളഞ്ഞു. അത്തരമൊരു ദശാസന്ധിയിലാണ് സർവ്വ മതാനുയായികളും പ്രതീക്ഷിച്ചിരുന്ന വാഗ്ദത്ത ലോകോദ്ധാരകൻ ഹദ്റത് അഹ്മദ്(അ) ആഗതരാവുന്നത്.

ആ മഹാത്മാവ് ലോകത്തോട് പറഞ്ഞു:

വോ ഖുദാ അബ്ഭീബനാത്താഹെ ജിസെ ചാഹെ കലീം

അബ്ഭീ ഇസ്സെ ബോൽത്താഹെ ജിസ്സെ വോ കർതാഹെ പ്യാർ

(ഇന്നും താൻ ആഗ്രഹിക്കുന്നവരെ ദൈവം (തന്നോട്) സംസാരിക്കുന്നവരാക്കുന്നു. ഇന്നും അവൻ താൻ ഇഷ്ടപ്പെടുന്നവരോട് സംസാരിക്കുകയും ചെയ്യുന്നു.)

ഇക്കാര്യത്തിൽ തന്റെ അസ്തിത്വത്തെ ആ മഹാനുഭാവൻ തെളിവായി എടുത്തുകാട്ടി. സംസാരിക്കാത്ത ദൈവത്തെ മനസിലാകാതെ ആൾ ദൈവങ്ങളിൽ ശരണം പ്രാപിക്കുന്നവർ ഏറെ അത്ഭുതത്തോടെയും, പൗരോഹിത്യം എതിർപ്പുകളോടേയും, ദൈവ നിഷേധികൾ നിഷേധ സ്വരത്തിലുമാണ് ഈ പ്രഖ്യാപനത്തെ എതിരേറ്റത്. ആ ദൈവ ദാസൻ ലോകത്തെ മുഴുവൻ ഇക്കാര്യത്തിൽ വെല്ലുവിളിക്കുകയും മതനേതാക്കളെ ജീവൽ ദൈവത്തിനുള്ള തെളിവ് ഹാജരാക്കാൻ ആഹ്വാനം ചെയ്യുകയും ജീവൽ ദൈവത്തെ നിഷേധിക്കുന്നവരെ അവനെ കാണാൻ തന്റെ യടുത്തേക്ക് ക്ഷണിക്കുകയും ചെയ്തു.

ഹദ്റത് അഹ്മദ്(അ) പറയുന്നു: ആരെങ്കിലും സത്യാന്വേഷികൾ ഉണ്ടെങ്കിൽ അവർ ഹിന്ദുക്കളോ, ക്രിസ്ത്യാനികളോ, ആര്യന്മാരോ, യഹൂദികളോ, ബ്രഹ്മസമാജക്കാരോ ആരോ ആയിക്കൊള്ളട്ടെ, അവർക്ക് എന്നെ എതിരിടാൻ ഇതാ തുറന്ന അവസരമുണ്ട്. അവർക്ക് അദൃശ്യകാര്യങ്ങൾ വെളിപ്പെടുത്തുന്നതിലും, ദുഃആകളുടെ സ്വീകാര്യതയിലും എന്നോട് മത്സരിക്കാൻ കഴിഞ്ഞാൽ ഞാൻ അല്ലാഹുവിനെ ആണയിട്ടുകൊണ്ട് പ്രഖ്യാപിക്കുന്നു, ഞാൻ അവർക്ക് എന്റെ സ്ഥാവരജംഗമ സ്വത്തുക്കൾ അത് ഏകദേശം 10,000 രൂപയുടെതാണ് - വിറ്റ് അവർക്ക് നൽകുന്നതാണ്. അവർ ഏതു വിധത്തിലാണോ തൃപ്തിയടയുന്നത് അത്തരത്തിൽ പിഴ കൊടുക്കാൻ ഞാൻ സന്നദ്ധനാണ്. എന്റെ ദൈവം ഏകനാണ്. എല്ലാത്തിനും സാക്ഷിയുമാണ്. ഞാൻ യാതൊരു വ്യതിരിക്തതയും കാണിക്കുന്നതല്ല. അഥവാ മരണശിക്ഷയാണെങ്കിലും ഞാനത് ഹൃദയാത്മനാ സ്വീകരിക്കുന്നതാണ്. ഞാൻ ഹൃദയ പൂർവം പറയുന്നു, അല്ലാഹുവിന്നറിയാം ഞാൻ സത്യമാണ് പറയുന്നതെന്ന്. ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ, എന്റെ നിർദേശത്തിൽ ഉറപ്പ് തോന്നുന്നില്ലെങ്കിൽ, അവർക്ക് പിഴയെക്കുറിച്ച് നല്ലൊരു തീരുമാനം കൈക്കൊള്ളാവുന്നതാണ്. ഞാനത് സ്വീകരിക്കാൻ ഒരുക്കമാണ്. ഞാനൊരിക്കലും പിന്മാറുന്നതല്ല. ഞാൻ കള്ളവാദിയാണെങ്കിൽ ഞാൻ ഏതെങ്കിലും കഠിനശിക്ഷകൊണ്ട് നശിക്കുന്നതാണ് നല്ലത്. ഞാൻ സത്യവാനാണെങ്കിൽ, നശിക്കാനുള്ളവർ എന്റെ കൈകൊണ്ട് രക്ഷപ്പെടട്ടെ എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. (ആയിനെ കമാലാത്തെ ഇസ്‌ലാം പേജ്: 276, 277)

## ദുഃആയുടെ യാഥാർഥ്യം

ദുഃആയുടെ യാഥാർഥ്യം, സുകൃതവാനായ ദാസനും അവന്റെ നാഥനും തമ്മിലുള്ള ആകർഷണീയമായ ബന്ധമാണ്. ആദ്യം അല്ലാഹുവിന്റെ റഹ്മാനിയ്യത്ത് ദാസനെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നു. പിന്നെ ദാസന്റെ സത്യതയുടെ ആകർഷണം മുഖേന അല്ലാഹു അവന്റെ സമീപത്തെത്തുന്നു. ദുഃആയുടെ അവസരത്തിൽ ഈ ബന്ധം ഒരു പ്രത്യേക സ്ഥാനത്തെത്തി അതിന്റെ അത്ഭുതകരമായ പ്രത്യേകതകൾ ഉണ്ടാകുന്നു. അങ്ങിനെ, ദാസൻ, ഏതെങ്കിലും കഠിനമായ പ്രയാസത്തിൽ അകപ്പെട്ട് അല്ലാഹുവിലേക്ക് പൂർണ വിശ്വാസത്തോടെയും, പൂർണ പ്രതീക്ഷയോടെയും, പൂർണ സ്നേഹത്തോടെയും, പൂർണ കൂറോടേയും, പൂർണ ശക്തിയോടേയും, കുനിയുകയും, ഏറെ ഉണർവോടുകൂടി അലംഭാവത്തിന്റെ മറകളെ കീറിക്കളഞ്ഞുകൊണ്ട് സമർപ്പണത്തിന്റെ രംഗങ്ങളിൽ മുന്നോട്ട് മുന്നോട്ട് ഗമിക്കുകയും ചെയ്യുന്നു. പിന്നെ മുന്നിൽ കാണുന്നതെന്താണ്, അത് ആരാധ്യന്റെ തിരുസന്നിധിയാണ്. അവനോട് ആരും പങ്കുകാരില്ല. അങ്ങിനെ ആ ദാസന്റെ ആത്മാവ് ആ തിരുസവിധത്തിൽ തലവെക്കുന്നു. അവന്റെ ഉള്ളിൽ വെച്ചിട്ടുള്ള ആകർഷണ ശക്തി, ദൈവിക അനുഗ്രഹങ്ങളെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നു. അപ്പോൾ അല്ലാഹു ദാസന്റെ കാര്യം പൂർത്തിയാക്കാൻ ശ്രദ്ധിക്കുന്നു. ദാസന്റെ കാര്യപൂർത്തീകരണത്തിന്, അനിവാര്യമായ എല്ലാ സംഗതികളും ആ ദുഃആയുടെ പ്രഭാവം നിമിത്തം ഭൗതിക വസ്തുക്കളിൽ ഉണ്ടാക്കുകയും ചെയ്യുന്നു. (റൂഹാനി ഖസായിൻ ഭാഗം: 6, പേജ്: 9-10)

### നന്മയ്ക്കുള്ള വഴി

പ്രതാപവാനായ അല്ലാഹു മനുഷ്യന്റെ നന്മക്കുവേണ്ടി തുറന്നുതന്നിട്ടുള്ള ഒരേ ഒരു മാർഗം ദുഃആയാകുന്നു. ആരെങ്കിലും കരഞ്ഞ് വിലപിച്ച് അവന്റെ കവാടത്തിൽ പ്രവേശിച്ചാൽ ഔദാര്യവാനായ അല്ലാഹു അയാളെ പരിശുദ്ധിയുടെയും പവിത്രതയുടെയും പുതപ്പ് അണിയിക്കുന്നു. (മൽഫൂസാത്ത് ഭാഗം: 3, പേജ്: 315)

### സമാധാനത്തിൽ കഴിയാൻ

നിങ്ങൾ സമാധാനത്തിൽ കഴിയണമെന്നും നിങ്ങളുടെ വീടുകളിൽ സമാധാനം ഉണ്ടാകണമെന്നും ആഗ്രഹിക്കുന്നുവെങ്കിൽ ഒരുപാട് ദുഃആ ചെയ്യുക. നിങ്ങളുടെ ഭവനങ്ങളെ ദുഃആകൾ കൊണ്ട് നിറക്കേണ്ടതാണ്. എപ്പോഴും ദുഃആയുള്ള ഭവനങ്ങളെ അല്ലാഹു നശിപ്പിക്കാറില്ല. (മൽഫൂസാത്ത് ഭാഗം: 3, പേജ്: 232)

### അല്ലാഹുവിനെ തിരിച്ചറിയാൻ

പരീക്ഷണങ്ങളിൽ തന്നെയാണ് ദുഃആയുടെ അത്ഭുതകരമായ പ്രത്യേകതകളും, പ്രഭാവങ്ങളും വെളിപ്പെടുക. യഥാർഥത്തിൽ, നമ്മുടെ ദൈവം, ദുഃആകളിലൂടെയാണ് തിരിച്ചറിയപ്പെടുന്നത്. (മൽഫൂസാത്ത് ഭാഗം: 2, പേജ്: 147)

### നിരാശപ്പെടുന്നവർ

ചിലർ ദുഃആയുടെ യാഥാർഥ്യത്തെകുറിച്ച് തികച്ചും അജ്ഞരാണ്. അതിന്റെ പ്രഭാവങ്ങളെക്കുറിച്ച് ബോധ്യമില്ലാത്തവരും. തങ്ങളുടെ പ്രതീക്ഷകൾ പൂർത്തിയാകാതെവരുമ്പോൾ ദുഃആ ഒന്നുമല്ലെന്ന് പറയുകയും അതേകുറിച്ച് നിരാശരാവുകയും ചെയ്യുന്നു. (മൽഫൂസാത്ത് ഭാഗം: 2, പേജ്: 150)

### അനുഗ്രഹങ്ങളുടെ തായ്‌വേര്

അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അടിസ്ഥാനം അഥവാ തായ്‌വേര് എന്താണെന്ന് ഞാൻ ചിന്തിച്ചു. അത് ادْعُوْنِيْٓ اَسْتَجِبْ لَكُمْ (എന്നോട് ദുഃആ ചെയ്യുവിൻ ഞാൻ മറുപടി നൽകാം. (40:61)) എന്നതാണെന്ന് എനിക്ക് അല്ലാഹു മനസിലാക്കി തന്നിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹമില്ലാതെ ഒരാൾക്കും തിന്മയിൽ നിന്ന് രക്ഷപ്പെടാൻ സാധ്യമല്ല. (മൽഫൂസാത്ത് ഭാഗം:3, പേജ്:333)

### ശത്രുക്കളേയും ദുഃആയിൽ ഭാഗഭാക്കാക്കണം

നമ്മുടെ അഭിപ്രായത്തിൽ ശത്രുക്കളേയും ദുഃആയിൽ നിന്ന് ഒഴിവാക്കരുത്. ദുഃആ എത്രമാത്രം വിശാലമാകുന്നുവോ, ദുഃആ ചെയ്യുന്ന ആൾക്ക് അത്രയും അതുകൊണ്ട് പ്രയോജനവും ലഭിക്കുന്നതാണ്. ദുഃആയിൽ പിശുക്ക് കാണിക്കുന്നത്രയും അല്ലാഹുവിന്റെ സാമിപ്യത്തിൽ നിന്ന് വിദൂരമാക്കപ്പെടുന്നതുമാണ്.

(മൽഫൂസാത്ത് ഭാഗം: 1, പേജ്: 353)






# *വബിൽ അസ്ഹാരി ഹും യസ്ത്ഗ്ഫിറൂൻ*

**രാത്രിയുടെ അന്ത്യയാമങ്ങളിൽ പാപപ്പൊറുതിക്കായി അവർ പ്രാർത്ഥിക്കുന്നു.**

ഇമാം ബുഖാരി(റഹ്) അദ്ധ്യായത്തിന്റെ പേരിന് ഈ ആയത്ത് നൽകിക്കൊണ്ട്, രാത്രിയിൽ അൽപ്പം നേരം മാത്രമേ ഉറങ്ങുന്നുള്ളു എന്നത് ദൈവഭക്തരുടെ അടയാളമാണെന്ന് ചൂണ്ടിക്കാണിക്കുന്നു. രാത്രിയുടെ അന്ത്യയാമത്തിൽ ദുആ പ്രത്യേകമായി സ്വീകരിക്കപ്പെടുന്നു എന്നത് മനസ്സിലാക്കിതരുന്നതിനുവേണ്ടിയാണ് ഈ ആയത്തിന്റെ കീഴിൽ പ്രസ്തുത നിവേദനങ്ങൾ കൊടുത്തിട്ടുള്ളത്. എന്നാൽ മറ്റൊരു സമയത്തും ദുആ സ്വീകരിക്കപ്പെടുന്നതല്ല എന്ന് ഇതിനർത്ഥമില്ല. പ്രത്യുത, ചില നിവേദനങ്ങളിൽ ആദ്യയാമത്തെക്കുറിച്ചും അർദ്ധരാത്രിയെക്കുറിച്ചും പരാമർശമുണ്ട്. ചിലതിൽ രാത്രിയുടെ ഏതെങ്കിലും സവിശേഷഭാഗത്തെ പരാമർശിക്കാതെ പൊതുവായി രാത്രിയെ ദൈവികഇറക്കത്തിന്റേയും ദുആകളുടെ സ്വീകാര്യതയുടേയും സമയമായി പരാമർശിച്ചിട്ടുണ്ട്.(ഫത്തഹുൽ ബാരി ഭാഗം 1, പേജ് 40). ദൈവഭക്തരെ പരാമർശിച്ചുകൊണ്ട് വിശുദ്ധഖുർആനിൽ ഒരിടത്ത് അല്ലാഹു പറയുന്നു, ***വബിൽ അസ്ഹാരി ഹും യസ്ത്ഗ്ഫിറൂൻ***(അദ്ദാരിയാത്ത്-19). അതായത് രാത്രിയുടെ അന്ത്യയാമങ്ങളിൽ പാപപ്പൊറുതിക്കായി അവർ പ്രാർത്ഥിക്കുന്നു. ആസമയത്ത് എഴുന്നേറ്റ് ആരാധിക്കുക എന്നത് പ്രയാസകരമായതുപോലെതന്നെ അതുമായി താരതമ്യപ്പെടുത്തിക്കൊണ്ട് ആ സമയം ദുആ സ്വീകാര്യതക്കായി സവിശേഷമാക്കപ്പെട്ടിരിക്കുന്നു. അല്ലാഹു ഏറ്റവും സമീപസ്ഥമായ ആകാശത്തേക്കിറങ്ങുന്നു എന്നതിന്റെ വിവക്ഷയെ സംബന്ധിച്ച് ധാരാളം ഭിന്നതകളുണ്ട്. അനക്കമടക്കമെല്ലാം ശരീരത്തിന്റെ പ്രത്യേകതകളായിരിക്കെ അല്ലാഹു ശരീരത്തിൽ നിന്നും മുക്തനാകുന്നു. ഇബ്നു അറബി(റഹ്) ഈ വിമർശനത്തിന് ഉചിതമായ മറുപടി നൽകിക്കൊണ്ട് പറയുന്നു, നുസൂൽ(ഇറക്കം) എന്ന പദം ശരീരങ്ങൾക്ക് അനുഗുണമായതുപോലെതന്നെ അർത്ഥത്തിലും അനുഗുണമാകുന്നു. ഇവിടെ ആ അസ്തിത്വത്തിന്റെ ഇറക്കമല്ല ഉദ്ദേശ്യം മറിച്ച് അവന്റെ പ്രവർത്തനങ്ങളുടെ ഇറക്കമാണ് ഉദ്ദേശ്യം. അതായത് ഒരു ദാസന്റെ ദുആകൾ കേൾക്കുന്നതിന്നായി അവൻ ഏറ്റവും സമീപസ്ഥമാകുന്ന സമയമാകുന്നു അത്. ഇമാം ബുഖാരി(റഹ്) ഇതിനു മുമ്പ് രണ്ട് അദ്ധ്യയങ്ങളിൽ പകർത്തിയിട്ടുള്ള നിവേദനങ്ങൾ ആമുഖമായിട്ടും,അറബി ഭാഷ എപ്രകാരം ആലങ്കാരികങ്ങളാൽ സമ്പുഷ്ടമാണെന്ന് മനസ്സിലാക്കിത്തരുന്നതിനും വേണ്ടിയിട്ടായിരുന്നു. യഥാർത്ഥത്തിൽ എല്ലാ ഭാഷകളിലും തന്നെ ഇത്തരത്തിലുള്ള ആലങ്കാരികപദങ്ങളും ഉപമകളും ഉപയോഗിക്കുന്നുണ്ട്. അല്ലാഹു ഏറ്റവും സമീപസ്ഥ ആകാശത്തിൽ ഇറങ്ങുന്നു എന്നതും യഥാർത്ഥത്തിൽ ഒരു ആലങ്കാരിക പ്രയോഗമാകുന്നു.

(സഹീഹുൽ ബുഖാരി, വാല്യം 2, പേജ് 532)

**വിവ: ടി.എം. അബ്ദുൽ മുജീബ്, തമ്മനം.**

# ഓർത്തിരിക്കാൻ ചില ദുഃആകൾ

### ആരോഗ്യവും, ഈമാനും, സൽസ്വഭാവവും

ഹ. അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു റസൂൽ തിരുമേനി(സ), ഹ. സൽമാനുൽ ഫാരിസി(റ)നോട് പറഞ്ഞു, നീ റഹ്മാനായ അല്ലാഹുവിനോട് പ്രത്യേക അടുപ്പവും, ശ്രദ്ധയും ചെലുത്തി രാപ്പകൽ ഈ ദുഃആ ചെയ്യണം

**അല്ലാഹുമ്മ ഇന്നീ അസ്അലുക്ക സ്വിഹ്ഹത്തൻ ഫീ ഈമാനിൻ, വ ഈമാനൻ ഫീ ഹുസ്നി ഘുൽഖിൻ, വനജാഹൻ യത്ബഉഹു ഫലാഹുൻ, വ റഹ്മത്തൻ മിൻക്ക വ ആഫിയത്തൻ, വ മഗ്ഫിറത്തൻ മിൻക്ക വ റിദ്വാനാ**

അർഥം: അല്ലാഹുവേ, ഞാൻ നിന്നോട് ഈമാനോടുകൂടിയ ആരോഗ്യവും,സൽസ്വഭാവത്തോടുകൂടി ഈമാനും,വിജയത്തിനു ശേഷം വിജയവും, നിന്നിൽ നിന്നുള്ള കാരുണ്യവും സൗഖ്യവും, നിന്നിൽ നിന്നുള്ള പാപപ്പെറുതിയും തൃപ്തിയും ചോദിക്കുന്നു.

### കടത്തിൽ നിന്നും ബുദ്ധിമുട്ടുകളിൽ നിന്നും രക്ഷനേടാൻ

നബി(സ) ഒരിക്കൽ ഹ. അബൂ അമാം(റ)നെ അസ്വസ്ഥനായി പള്ളിയിൽ കണ്ടപ്പോൾ തിരുനബി(സ) കാരണമന്വേഷിച്ചു. അദ്ദേഹം തന്റെ കടത്തിന്റെയും ബുദ്ധിമുട്ടുകളുടെയും അവസ്ഥകൾ വിവരിച്ചു. നബി(സ) അദ്ദേഹത്തോട് പറഞ്ഞു, ഞാൻ നിന്റെ കടവും പ്രശ്നങ്ങളും ദുരൂകരിക്കാനുതകുന്ന ഒരു ദുഃആ പറഞ്ഞു തരട്ടെ, തുടർന്ന് നബി(സ) താഴെ ചേർന്ന ദുഃആ പഠിപ്പിച്ചുകൊണ്ട് പറഞ്ഞു, ഇത് നീ രാവിലെയും വൈകീട്ടും ചൊല്ലേണ്ടതാണ്. അബൂ അമാമ(റ) പറയുകയാണ് ഞാൻ ഈ ദുഃആ പരീക്ഷിച്ചറിഞ്ഞവനാണ്. അല്ലാഹു എന്റെ എല്ലാ പ്രശ്നങ്ങളും കടങ്ങളും തീർത്തുതന്നു.

**അല്ലാഹുമ്മ ഇന്നീ അഊദുബിക്ക മിനൽ ഹമ്മി വൽ ഹുദ്നി, വ അഊദുബിക്ക മിനൽ അജ്ധി വൽ കസ്ലി, വ അഊദുബിക്ക മിനൽ ബുഖ്ലി വൽ ജുബ്നി, വ അഊദുബിക്ക മിൻ ഗലബത്തിദ്ദയ്നി, വ ഖഹ്റിർ റിജാൽ**

അല്ലാഹുവേ, ഞാൻ ദുഃഖങ്ങളിൽ നിന്നും വേദനയിൽ നിന്നും നിന്നോട് രക്ഷ ചോദിക്കുന്നു. നിന്ദ്യതയിൽ നിന്നും അലസതയിൽ നിന്നും നിന്നോട് രക്ഷ തേടുന്നു. പിശുക്കിൽനിന്നും, അധൈര്യത്തിൽ നിന്നും നിന്നോട് രക്ഷ ചോദിക്കുന്നു, കടത്തിൽ നിന്നും, ജനങ്ങൾക്ക് വിധേയനാവുന്നതിൽ നിന്നും നിന്നോട് അഭയം തേടുന്നു.

### ദുശീലങ്ങളിൽ നിന്ന് രക്ഷപ്പെടാൻ

**അല്ലാഹുമ്മത്വഹ്ഹിർ ഖൽബീ മിന ന്നിഫാഖി വ അമലീ മിനർറിയാഇ, വ ലിസാനി മിനൽ കദീബി, വ അയ്നീ മിനൽ ഖിയാനത്തി ഫ ഇന്നക്ക തഅ്ലമു ഖിയാനത്തിൽ അഅ്യുനി വമാ തുഖ്ഫിസ്സുദൂർ**

അല്ലാഹുവേ, എന്റെ ഹൃദയത്തെ കാപട്യത്തിൽ നിന്നും, എന്റെ കർമ്മങ്ങളെ പ്രകടനാത്മകതകളിൽ നിന്നും, എന്റെ നാവിനെ കളവിൽ നിന്നും, എന്റെ കണ്ണുകളെ വഞ്ചനയിൽ നിന്നും പരിശുദ്ധമാക്കേണമേ, തീർച്ചയായും നീ തന്നെയാണ് കണ്ണുകളുടെ വഞ്ചനയേയും, ഹൃദയങ്ങളിലെ രഹസ്യത്തേയും അറിയുന്നവൻ.

### സ്വീകരിക്കപ്പെടാത്ത ദുഃആയിൽ നിന്നുള്ള രക്ഷ

ഹ. അബ്ദുല്ലാഹ്ബിൻ അമർ(റ) നിവേദനം ചെയ്യുന്നു. നബി(സ) ഇങ്ങനെ ദുഃആ ചെയ്യാറുണ്ടായിരുന്നു.

**അല്ലാഹുമ്മ ഇന്നീ അഊദുബിക്ക മിൻ ഖൽബിൻ ലാ യഘ്ശഉ വ മിൻ ദുഃആയിൻ ലാ യുസ്മഉ വ മിൻ നഫ്സിൻ ലാ തശ്ബഉ വ മിൻ ഇൽമിൻ ലാ യൻഫഉ അഊദുബിക്ക മിൻ ഹാഉലായിൽ അർബഉ**


അല്ലാഹുവേ, ദൈവഭയമില്ലാത്ത ഹൃദയത്തിൽ നിന്നും , സ്വീകരിക്കപ്പെടാത്ത ദുഃആയിൽ നിന്നും, സംതൃപ്തമാകാത്ത ആത്മാവിൽ നിന്നും, പ്രയോജനപ്പെടാത്ത അറിവിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. ഈ നാല് കാര്യങ്ങളെക്കൊള്ളെയും ഞാൻ നിന്നോട് അഭയം യാചിക്കുന്നു.

### ബുദ്ധിമുട്ടുകൾ ഉണ്ടാവുമ്പോൾ

ഹ. അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു: നബി(സ) ഏതെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുമ്പോൾ ഇങ്ങനെ ദുഃആചെയ്യുമായിരുന്നു.

**അല്ലാഹുമ്മ ഇന്നീ അഊദുബിക്ക മിൻ ജഹ്ദിൽ ബലാഇ, വ ദർക്കിശ്ശഖാഇ വ സൂഇൽ ഖളാഇ, വശമാത്തത്തിൽ അഅ്ദാഇ**

അല്ലാഹുവേ, ആപത്തുകളുടെ കഷ്ടതയിൽ നിന്നും, ദൗർഭാഗ്യത്തിന്റെ പിടുത്തത്തിൽ നിന്നും, വിധിയുടെ ദൗർഭാഗ്യത്തിൽ നിന്നും, ശത്രുക്കളുടെ സന്തോഷത്തിൽ നിന്നും ഞാൻ നിന്നോടും രക്ഷതേടുന്നു.



**നാഴികക്കല്ലുകൾ**

എ.എൻ

# ദുഃആയിലുള്ള വിശ്വാസം

### ഘാനാ പ്രസിഡന്റ് ദുആക്കപേക്ഷിക്കുന്നു



1973 ഒരു ദിവസം, ഘാനയിൽ അഹ്മദിയ്യാ മുസ്‌ലിം അമീറും ഇൻചാർജ് മുബല്ലിഗുമായിരുന്ന മൗലാനാ അത്വാഉല്ലാഹ് കലീം സാഹിബിന് ഒരു ഫോൺ കോൾ! റിസീവർ എടുത്തുനോക്കിയപ്പോൾ മനസിലായി അത് ഘാനാ പ്രസിഡന്റിന്റെ ഓഫീസിൽ നിന്നാണെന്ന്. പിറ്റേന്ന് അഹ്മദിയ്യാ അമീർ പ്രസിഡന്റിന്റെ ഓഫീസിൽ എത്തണം. അതായിരുന്നു സന്ദേശം. അൽപം പരിഭ്രമത്തോടെയാണെങ്കിലും മൗലാനാ കലീം സാഹിബ് ഓഫീസിലെത്തിയപ്പോൾ അവിടെ ഉയർന്ന ഉദ്യോഗസ്ഥരും ജനറൽമാരും അദ്ദേഹത്തെ കാത്തിരിക്കുകയായിരുന്നു. പ്രസിഡന്റിന്റെ പേർസണൽ സെക്രട്ടറി മൗലാനാ സാഹിബിനെ പ്രസിഡന്റിന്റെ ഓഫീസിൽ എത്തിച്ച് ഉടനെ പുറത്തിറങ്ങി. പ്രസിഡന്റും മൗലാനാ സാഹിബും മാത്രമായി ഓഫീസിൽ . പ്രസിഡന്റ് ഏറെ വിനയാന്വിതനായി, ബഹുമാന പുരസ്സരം അദ്ദേഹത്തോട് പറഞ്ഞു.

എനിക്കെതിരിൽ രാജ്യത്തിൽ പലപ്രശ്നങ്ങളും എതിർപ്പുകളും തലപൊക്കുന്നുണ്ട്. താങ്കൾ എനിക്ക് വേണ്ടി പ്രാർഥിക്കണം. മാത്രമല്ല അഹ്മദിയ്യാ ജമാഅത്തിന്റെ സുപ്രീം ഹെഡ്ഡിനോടും എനിക്ക് വേണ്ടി ദുഃആ ചെയ്യാൻ അപേക്ഷിക്കണം. ഇതിന് വേണ്ടിയാണ് താങ്കളെ വിളിച്ചു വരുത്തിയത്. ഹ.ഖലീഫത്തുൽ മസീഹ് സാലിസിന് ഇതേ കുറിച്ച് ആദ്യം കമ്പിയും പിന്നെ കത്തും എഴുതിയപ്പോൾ ഹുസൂർ ദുഃആ ചെയ്തതായി അറിയിക്കുകയുണ്ടായി. അതേക്കുറിച്ച് പ്രസിഡന്റിനെ അറിയിക്കുകയും ചെയ്തു. ഹുസൂറിന്റെ ദുഃആയുടെ ഫലമെന്നേ പറയേണ്ടു 1978 വരെ അദ്ദേഹം പ്രസിഡന്റ് പദവിൽ യാതൊരു പ്രശ്നങ്ങളുമില്ലാതെ തുടർന്നു.

(അവ: സർ ഗുസഷ്തെ കലീം പേജ്: 92.93)

### ബറക്കാത്തു ദുഃആ

സർ സയ്യിദ് അഹ്മദ്ഖാൻ ഇന്ത്യയിലെ പ്രമുഖ മുസ്‌ലിം രാഷ്ട്രീയ നേതാവായിരുന്നു. മുസ്‌ലിംകളുടെ വിദ്യാഭ്യാസ കാര്യത്തിൽ ശ്രദ്ധാലുവായിരുന്ന സർ സയ്യിദ് ദൗർഭാഗ്യവശാൽ ഇസ്‌ലാമിക ചിന്താസരണിയിൽ പാശ്ചാത്യ ചിന്താഗതികളെ കൂട്ടിക്കലർത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. പാശ്ചാത്യ ചിന്താഗതിയേയും ഇസ്‌ലാമിനേയും യോജിപ്പിക്കാൻ, വഹ്‌യ്നെയും ദുഃആയെയും വെറും ചിന്താ




പരമായ അവസ്ഥയായും മാനസിക സംതൃപ്തിക്കുള്ള മാർഗമായും വിവരിച്ചു. തന്റെ ചിന്താഗതികളെ ഉൾപ്പെടുത്തി അദ്ദേഹം വിശുദ്ധ ഖുർആന്റെ ഒരു ഭാഗത്തിന് തഫ്സീർ എഴുതുകയുമുണ്ടായി. മാത്രമല്ല അദുഃആഉ വൽ ഇസ്തിജാബ, തഹ്‌രീർ ഫീ ഉസൂലി തഫ്സീർ എന്നീ പുസ്തകങ്ങൾ എഴുതി.

ഹദ്റത് അഹ്മദ്(അ) ഈ ചിന്താഗതിയെ നഖശിഖാന്തം എതിർക്കുകയും ദുഃആയുടെ യാഥാർഥ്യത്തേയും അനുഗ്രഹങ്ങളേയും കുറിച്ച് 1893-ൽ ബറക്കാത്തു ദുഃആ എന്ന പേരിൽ ഒരു ലഘുലേഖ പ്രസിദ്ധീകരിച്ചു. അതിൽ ലേഖ്റാമിനെ പറ്റിയുള്ള തന്റെ പ്രവചനത്തെ പരാമർശിച്ചുകൊണ്ട് ദുഃആ സ്വീകാര്യതയിൽ അതിന്റെ നിറപുലർച്ച വരെ കാത്തിരിക്കാൻ ആവശ്യപ്പെടുകയും അതുവരെ സർ സയ്യിദ് ജീവിച്ചിരിക്കുമെന്നും എഴുതിയിരുന്നു. അങ്ങനെ തന്നെ സംഭവിക്കുകയും ചെയ്തു.

### പിതാവിന്റെ ദുഃആ



1925 സെപ്തംബർ 25 ന് ഹദ്റത് ചൗധരി മുഹമ്മദ് ഹുസൈൻ സാഹി ബ് തന്റെ ഡയറിയിൽ ദുഃആക്കിടയിൽ കണ്ട ഒരു സ്വപ്നം വിവരിക്കുന്നുണ്ട്. ഒരു മാലാഖ അദ്ദേഹത്തിന് ഒരു കുട്ടിയെ കൊടുക്കുന്നു. കുട്ടിയുടെ പേര് ചോദിച്ചപ്പോൾ അബ്ദുസ്സലാം എന്ന് പറഞ്ഞു. തുടർന്ന് ഹദ് റത് മുസ്‌ലിഹ് മൗഊദ് (റ) ന്റെ സവിധത്തിൽ ഇക്കാര്യം അറിയിച്ച് പേര് നിർദേശിക്കാൻ പറഞ്ഞപ്പോൾ ഹുസൂർ, ദൈവദത്തമായ ആ പേര് തന്നെ വെക്കാനാണ് നിർദേശിച്ചത്.



ഡോ. സലാം സാഹിബിന്റെ ജീവിതത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തിയത് പിതാവ് തന്നെയാണ്. അദ്ദേഹം പറയുന്നു; പിതാവ് എല്ലാ രാത്രിയും 3 മണിക്ക് എഴുന്നേറ്റ് എനിക്ക് വേണ്ടി ഉള്ളുരുകി പ്രാർഥിക്കാറുണ്ടായിരുന്നു.

(ദിക്‌റെ അബ്ദുസ്സലാം പേജ്: 49, 50)

### മന്ത്രിയുടെ വിശ്വാസം

ഹ.മിർസാ വസീം അഹ്മദ് സാഹിബ് മർഹൂം എഴുതുന്നു: ആഫ്രിക്കയിലും മറ്റ് രാജ്യങ്ങളിലും അഹ്മദിയ്യാ ആസ്പ



ത്രികൾ വിജയകരമായി സൃഷ്ടിസേവനം ചെയ്തുകൊണ്ടിരിക്കുന്നു. അവിടെ രോഗശാന്തിയും കൂടുതലാണ്. അവിടെയുള്ള വിദ്യാഭ്യാസമന്ത്രിയോട് ജനങ്ങൾ ചോദിച്ചു, താങ്കൾ മന്ത്രിയാണ്, ചികിത്സക്ക് താങ്കൾക്ക് ഏറ്റവും നല്ല സൗകര്യങ്ങൾ ലഭിക്കുന്നതാണ്. എന്നിട്ടും താങ്കൾ ഭാര്യയുടെ ചികിത്സ എന്തിനാണ് അഹ്മദിയ്യാ ആസ്പത്രിയിലാക്കിയത്? അദ്ദേഹം പറഞ്ഞു, നിങ്ങൾ പറഞ്ഞത് ശരിയാണ്. എനിക്ക് ഏറ്റവും വലിയ ആസ്പത്രികളിൽ ചികിത്സിപ്പിക്കാം. പക്ഷേ രോഗശാന്തി അവയേക്കാൾ അഹ്മദിയ്യാ ആസ്പത്രികളിലാണുള്ളത്. കാരണം അഹ്മദി ഡോക്ടർമാർ ചികിത്സക്കൊപ്പം രോഗികൾക്കുവേണ്ടി ദുഃആയും ചെയ്യുന്നു. അതുകൊണ്ട് തന്നെ അവിടെ രോഗശമനവുമുണ്ടെന്ന ഉറച്ച വിശ്വാസത്തിലാണ് ഞാനിവിടെ പോകുന്നത്.

(അവ: Zore Dua Dekho tho, Pg: 71, 72)

### തഹജ്ജുദിലെ ദുഃആ

മുൻ നാസിർ അഅ്‌ലാ ഹ. മിർസാ അസീസ് അഹ്മദ് സാഹിബ് (*ഹദ്റത് മിർസാ സുൽത്വാൻ അഹ്മദ് സാഹിബിന്റെ മകൻ. ഇദ്ദേഹത്തിന് ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ കയ്യിൽ നേരിട്ട് ബയ്അത്ത് ചെയ്യാൻ സൗഭാഗ്യം ലഭിച്ചിരുന്നു. ഇപ്പോൾ ഇദ്ദേഹത്തിന്റെ മകൻ ഹ. മിർസാ ഖുർശിദ് അഹ്മദ് സാഹിബാണ് പാക്കിസ്ഥാനിൽ നാസിർ അഅ്‌ല* ) തന്റെ ഒരു പരീക്ഷാ വിജയത്തെ പരാമർശിച്ചുകൊണ്ട് എഴുതുന്നു.



ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറഞ്ഞിരുന്നു, മിയാൻ തഹജ്ജുദ് അനുഷ്ഠിച്ചാൽ നിങ്ങളുടെ വലിയ വലിയ കാര്യങ്ങൾ നടക്കുന്നതാണ്.



ഹുസൂറിന്റെ ഈ വാക്കുകൾ ഞാൻ എന്റെ ജീവിതത്തിൽ പരീക്ഷിച്ചറിഞ്ഞതാണ്. ഞാൻ ഏത് കാര്യത്തിന് വേണ്ടി തഹജ്ജുദിലും ദുഃആ ചെയ്താലും അല്ലാഹു അക്കാര്യം പൂർത്തിയാക്കിത്തരുകതന്നെ ചെയ്തിട്ടുണ്ട്.

അൽഹം ദുലില്ലാഹി റബ്ബിൽ ആലമീൻ

(ഹയാതെനൂർ)

**വാഗ്ദത്ത മസീഹിന്റെ കത്തുകൾ**

സമ്പാ: സുൽത്താൻ നസീർ

# യഥാർഥ ദു:ആ

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

**എന്റെ പ്രിയപ്പെട്ട സഹോദരൻ നവാബ് സാഹിബ് സല്ലമഹു**

السلام علیکم ورحمة الله وبرکاته

താങ്കളുടെ കത്ത് കഴിഞ്ഞ ദിവസത്തെ തപാലിൽ ലഭിക്കുകയുണ്ടായി. ഇതിനുമുമ്പ് ബാഹ്യമായ നിലയിൽ ഒരു എഴുത്താണ് എഴുതിയിരിക്കുന്നത് ഇപ്പോൾ ഞാൻ ചിന്തിച്ചത് അല്ലാഹുവിൽ തവക്കൽ ചെയ്ത്കൊണ്ട് ആ ബാഹ്യമായ കാര്യം ഉപേക്ഷിക്കാം എന്നാണ്. ഖാദിയാനിൽ ഇതുവരെ പറയത്തക്ക ബുദ്ധിമുട്ടുകളൊന്നും തന്നെയില്ല. ഈ എഴുത്ത് എഴുതുമ്പോൾ ബിജാനാഥ് എന്ന ഒരു ഹിന്ദു, അദ്ദേഹത്തിന്റെ വീട് നമ്മുടെ ചുവരിനോട് ചുവർചേർത്താണുള്ളത് അയാൾ ഏതാനും കാലം രോഗിആയതിനുശേഷം ചരമം പ്രാപിക്കുകയുണ്ടായി. എന്നിരുന്നാലും അല്ലാഹുവിന്റെ അനുഗ്രഹത്തിൽ ദൃഢവിശ്വാസം അർപ്പിച്ച്കൊണ്ട് സുഖക്ഷേമത്തോടുകൂടി വരാൻ താങ്കൾക്ക് അനുവാദം നൽകുന്നു. രാത്രി ഉറക്കമൊഴിഞ്ഞും ഹൃദയശ്രദ്ധയോടും കൂടി അബ്ദുറഹ്മാനായി ചെയ്ത ദുആ നിമിത്തം എന്റെ ഹൃദയവും തലച്ചോറും വളരെ അധികം ക്ഷീണിച്ചിരിക്കുന്നു. ചില സമയങ്ങളിൽ ഇത് അവസാന ശ്വാസമാണെന്ന് തോന്നിപോകുന്നു. ഇതാണ് ദുആയുടെ യാഥാർഥ്യം, അതായത് മരിച്ച് കൊണ്ടിരിക്കുന്നവരെ ജീവിപ്പിക്കാനായി മറ്റൊരാൾ മരണം വരിക്കുന്നു. ഇതാണ് ദൈവിക നിയമം ആയതിനാൽ അങ്ങേയറ്റം, ക്ഷീണിതനാണെങ്കിലും താങ്കൾ വന്നതിന്ശേഷം, കുറച്ച് ദിവസംകൂടി വേദനാനിർഭരമായ ദുആയിലൂടെ അല്ലാഹുവിന്റെ അനുഗ്രഹം ചോദിക്കാൻ ഞാൻ ദൃഢപ്രതിജ്ഞ ചെയ്തിരിക്കുന്നു. അല്ലാഹു ആരോഗ്യവും ക്ഷേമവും പ്രധാനം ചെയ്യുമാറാകട്ടെ. ആയതിനാൽ താങ്കൾ താമസം വിനാ വന്നാലും ഇനി എന്റെ മറ്റൊരു എഴുത്തിന് വേണ്ടി കാത്തിരിക്കരുത്.

വസലാം

വിനീതൻ

മിർസാ ഗുലാം അഹ്മദ്.

# കാലത്തിന്റെ ഖലീഫയുടെ ദുഃആ

**ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)**



അല്ലാഹു ആരെ ഖിലാഫത്തിൽ അവരോധിച്ചാലും ആ ആളുടെ ദുഃആ സ്വീകാര്യതയും വർദ്ധിപ്പിക്കുന്നു. കാരണം അദ്ദേഹത്തിന്റെ ദുഃആകൾ സ്വീകരിക്കപ്പെടുന്നില്ലെങ്കിൽ അത് തന്റെ തിരഞ്ഞെടുപ്പിന്റെ അവഹേളനമായിരിക്കാം. നിങ്ങൾക്ക് വേണ്ടി കൂടുതൽ ദുഃആ ചെയ്യാൻ തൗഫീഖ് കിട്ടാൻ നിങ്ങൾ എനിക്ക് വേണ്ടി ദുഃആ ചെയ്യുവിൻ.

അല്ലാഹു നമ്മുടെ എല്ലാത്തരം അലസതയും മാറ്റി ഊർജ്ജസ്വലത ഉണ്ടാകുമാറാകട്ടെ. ഞാൻ ചെയ്യുന്ന ദുഃആ, ഇൻശാ അല്ലാ ഓരോരുത്തരുടെയും ഒറ്റക്കൊറ്റയ്ക്കുള്ള ദുഃആയെക്കാളും ശക്തിമത്തായിരിക്കാം.

(മൻസ്വബെഖിലാഫത്ത്)

നിങ്ങൾക്കും ഖിലാഫത്തിനോട് മുഖം തിരിച്ച് പോയവർക്കും തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ? ഒരു വ്യത്യാസവുമില്ല. എന്നാൽ ഒരു വലിയ വ്യത്യാസവും ഉണ്ട്. അതായത്, നിങ്ങൾക്ക് വേണ്ടി ഒരാൾ നിങ്ങളോട് അനുകമ്പയുള്ള ഒരാൾ നിങ്ങളെ സ്നേഹിക്കുന്ന ഒരാൾ, നിങ്ങളുടെ ദുഃഖത്തെ സ്വന്തം ദുഃഖമെന്ന് കരുതുന്ന ഒരാൾ നിങ്ങളുടെ പ്രയാസങ്ങളെ സ്വന്തം പ്രയാസമെന്ന് കരുതുന്ന ഒരാൾ, നിങ്ങൾക്ക്‌വേണ്ടി അല്ലാഹുവിന്റെ സവിധത്തിൽ ദുഃആകൾ ചെയ്യുന്ന ഒരാൾ ഉണ്ട്. എന്നാൽ അവർക്കില്ല. നിങ്ങൾക്ക്‌വേണ്ടി തന്റെ യജമാനരുടെ സവിധത്തിൽ കിടന്നുപിടയുകയാണ്. എന്നാൽ തനിക്ക് വേണ്ടിയല്ല, നിങ്ങൾക്ക് വേണ്ടി.

(ബർകാത്തെ ഖിലാഫത്ത്)



**വിജ്ഞാനവേദി**

**ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ് )**

# പലിശയും കച്ചവടലാഭവും തമ്മിലുള്ള വ്യത്യാസമെന്ത്?

ഒരാൾ ബാങ്കിൽ രൂപ നിക്ഷേപിച്ച് നിശ്ചിത ലാഭമെടുക്കുന്നത് പലിശ എന്നറിയപ്പെടുന്നു. അത് അനുവദനീയമല്ല. എന്നാൽ മറ്റൊരാൾ പൈസ ചെലവഴിച്ച് ബിൽഡിംഗ് ഉണ്ടാക്കി അത് വാടകയ്ക്ക് കൊടുക്കുന്നു അത് അനുവദനീയമാണ്.

അല്ലാഹു തന്നെ ഈ കാര്യം വിശുദ്ധ ഖുർആനിൽ വിവരിച്ചിട്ടുണ്ട്. ചിലയാളുകൾ പറയുന്നു. കച്ചവടവും, പലിശയും ഒരു പോലുള്ള കാര്യം തന്നെയാണ്. അല്ലാഹു ആദ്യത്തേതിനെ ഹലാലും രണ്ടാമത്തേതിനെ ഹറാമുമാണെന്ന് പ്രഖ്യാപിക്കുന്നു. ഈ പ്രശ്നത്തെ സൂക്ഷ്മദൃഷ്ടിയോടെ വീക്ഷിച്ചാൽ വ്യത്യാസം പ്രകടമാകും.

ഉദാഹരണമായി കെട്ടിടമുണ്ടാക്കുന്നത് സാമ്പത്തികമായും പ്രകൃതിനിയമപരമായ സ്വാഭാവിക നിയമങ്ങൾക്ക് വിധേയമായിട്ടുമാണ്. കെട്ടിടമുണ്ടാക്കുമ്പോൾ കുറച്ച് പ്രശ്നങ്ങളെയും അഭിമുഖീകരിക്കേണ്ടിവരുന്നു. ഉദാഹരണമായി ശരിയല്ലാത്ത മെറ്റീരിയലുകളുടെ ഉപയോഗം നിമിത്തം കെട്ടിടം നിലംപൊത്താം. അല്ലെങ്കിൽ പ്രകൃതിനിയമമനുസരിച്ച് ഭൂമി താഴുന്നത് നിമിത്തം പൈസ നഷ്ടപ്പെടാം. ചിലപ്പോൾ സാമ്പത്തികാവസ്ഥ മാറുമ്പോൾ വിലകൂടാം. കെട്ടിടത്തിന്റെ പരിപാലനം അതിന്റെ ഉടമസ്ഥന്റെ ഉത്തരവാദിത്വവുമാണ്.

എന്നാൽ ഇതിന് നേർവിപരീതമായി പലിശയുടെ വരവ് ഒരു നിശ്ചിത ലാഭമാണ്. അതിലൊരു മാറ്റവും വരുന്നില്ല. പൈസ നിക്ഷേപിക്കുന്നയാൾക്ക് യാതൊരു ഉത്തരവാദിത്വവുമില്ല. ബാങ്കിലുള്ള മുഴുവൻ രൂപയും നഷ്ടപ്പെട്ടാലും ബാങ്ക് അയാൾക്ക് നിയമപരമായി തുക തിരിച്ച് നൽകേണ്ടത് നിർബന്ധമാണ്.

ഈ വിഷയത്തെ കുറിച്ചുള്ള ആഴത്തിലുള്ള പഠനത്തിൽ നിന്ന് പലിശ നിരോധിക്കാനും കച്ചവടം അനുവദിക്കാനുമുള്ള അടിസ്ഥാനവും യാഥാർത്ഥ്യവുമായ മറ്റൊരു സംഗതി കൂടി മനസ്സിലാകുന്നു. അതായത് പലിശക്കച്ചവടം നടത്തുന്നവർക്കിടയിൽ ഒരു തരത്തിലുമുള്ള നിർമ്മാണ പ്രവർത്തനവും നടക്കുന്നില്ല. മാത്രമല്ല ഒരു സാധനവും ഉത്പാദിപ്പിക്കപ്പെടുന്നുമില്ല. എന്നാൽ കെട്ടിടമുണ്ടാക്കുന്നത് ജനക്ഷേമവുമായി ബന്ധപ്പെട്ടിരിക്കുന്നു. പലിശവ്യവസ്ഥിതി മൂലം സാമ്പത്തികരംഗത്ത് സാന്നിധ്യം കുറവുള്ള സ്വസൈറ്റികളാണ് ഉയരുന്നത്.

മുഴുവൻ രൂപയും ഇവരുടെ കൈകളിൽ എത്തുകയും ഇവർ സാമ്പത്തികരംഗം ചലിപ്പിക്കുകയും ചെയ്യുന്നു. അതുമുഖേന സ്വത്ത് ശേഖരണത്തിന് ശക്തി ലഭിക്കുന്നു. സാധാരണ ജനങ്ങളും ഇവരും തമ്മിലുള്ള സാമ്പത്തിക വ്യത്യാസം വർദ്ധിച്ചുവരുന്നു. ഈ അവസ്ഥയിൽ രൂപയ്ക്കുള്ള ലാഭം തികച്ചും വഞ്ചനയായി മാറുന്നു.

ഇങ്ങനെ വലിയ കൈകളിൽ രൂപ സ്വരൂപിക്കപ്പെടുകയും അവർ വലിയ വലിയ സാമ്പത്തിക ചക്രങ്ങൾ തിരിക്കുകയും ചെയ്യുമ്പോൾ വ്യക്തികൾക്ക് അവർ വാങ്ങുന്ന ലാഭം പ്രയോജനപ്പെടുത്തണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നതും അവരായിരിക്കും. പ്രയോജനമുണ്ടാകരുത് എന്നാഗ്രഹിക്കുമ്പോൾ പണപ്പെരുപ്പം വർദ്ധിപ്പിച്ചുകൊണ്ട് രൂപയുടെ മൂല്യം കുറക്കുന്നു.

എന്നാൽ കെട്ടിടമുണ്ടാക്കുമ്പോൾ ഈ അവസ്ഥ ഉണ്ടാകുന്നില്ല. സ്വസൈറ്റി പലിശയുടെ തുക വ്യക്തിഗതമായും സ്വസൈറ്റിപരമായും സാമാജികമായും വഞ്ചനയാണ്.

ദരിദ്ര സമൂഹങ്ങൾ പലിശവ്യവസ്ഥയുടെ ചക്കിൽ അരയ്ക്കപ്പെടുകയാണ്. വലിയ ശക്തികൾ അവയുടെ രക്തം ഊറ്റിക്കുടിക്കുന്നു. പ്രത്യക്ഷത്തിൽ ലാഭമെന്നനിലക്ക് പൈസ കിട്ടുന്നു. അതിലും എത്രയോ കൂടുതൽ പണപ്പെരുപ്പം സൃഷ്ടിച്ചുകൊണ്ട് രൂപയുടെ മൂല്യത്തിൽ ഇടിവ് വരുത്തുകയും ചെയ്യുന്നു. രൂപ വിപരീതഫലമുളവാക്കുന്നു.


എന്നാൽ കെട്ടിടമുണ്ടാക്കുവാൻ വേണ്ടി സ്ഥലം വാങ്ങുമ്പോൾ അതിന്റെ വില ഇരട്ടിയും മൂന്നിരട്ടിയും ഒക്കെ ആകുന്നു. അത് കച്ചവടമാണ്. ആദ്യത്തേത് പലിശയും. വിശുദ്ധഖുർആൻ പലിശയെ വിരോധിക്കുന്നു. കച്ചവടത്തിന് അനുമതി നൽകുന്നു. അതാകട്ടെ യുക്തിഭദ്രവുമാണ്.

സമ്പാ: അബൂസ്വബാഹ്

പ്രത്യേക അഭിമുഖം 8.2.2008,

സമ്പാ: അബൂഅത്തിയ

# ഖലീഫമാരുടെ കൂടെ



**പ്രതിനിധി : ഹുസൂർ, അങ്ങ് ഒരു വിദ്യാർഥി എന്ന നിലയിൽ എങ്ങനെയായിരുന്നു?**

ഹുസൂർ: (പഠനത്തിൽ)വളരെ മോശമായിരുന്ന അത്തരം കുട്ടികളുടെ കൂട്ടത്തിലാണ് ഉൾപ്പെടുത്തിയിരുന്നത്. ഞാൻ എങ്ങിനെയാണ് പത്താം ക്ലാസ് പാസായതെന്ന് നേരത്തെ പറഞ്ഞിരുന്നല്ലോ? പത്താം ക്ലാസിനുശേഷം ഇവിടെ GCSE ആണ്. ഞാൻ തുടർപഠനത്തിന് മെഡിക്കൽ സയൻസ് വിഷയങ്ങളാണ് തിരഞ്ഞെടുത്തത്. അത് പ്രീ മെഡിക്കൽ സയൻസ് വിഷയങ്ങൾ എന്നാണ് പറയപ്പെടുന്നത്. ഞാൻ പഠനത്തിൽ മോശമായിരുന്നെങ്കിലും എനിക്ക് ഉയർന്ന ആത്മ വിശ്വാസം ഉണ്ടായിരുന്നു. (എനിക്ക് ഈ വിഷയങ്ങളിൽ മുന്നോട്ട് പോകാൻ കഴിഞ്ഞില്ലെങ്കിലും) രണ്ട് വർഷത്തിനുശേഷം ഞാൻ ഈ വിഷയങ്ങൾ ഒഴിവാക്കി ആർട്സിന്റെ വിഷയങ്ങൾ, പൊളിറ്റിക്കൽ സയൻസും എക്കണോമിക്സും എടുത്തു. എന്നിട്ടും എനിക്ക് ബോർഡിന്റെ പരീക്ഷ ആദ്യഘട്ടത്തിൽ വിജയിക്കാൻ കഴിഞ്ഞില്ല. അതിൽ ഒരു വിഷയം എനിക്ക് വീണ്ടും എഴുതേണ്ടിവന്നു. ഡിഗ്രിക്കും ഇതൊക്കെതന്നെയാണ് സംഭവിച്ചത്. രണ്ടാം വട്ടമാണ് എനിക്ക് വിജയിക്കാൻ കഴിഞ്ഞുള്ളു.

അതിനുശേഷം ഞാൻ അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിലേക്ക് പോയി. ചെറുപ്പത്തിൽ തന്നെ എനിക്ക് അതിൽ താൽപര്യമുണ്ടായിരുന്നു. ചെറുപ്രായത്തിൽ തന്നെ പിതാവിന്റെ കൂടെ അദ്ദേഹത്തിന്റെ കൃഷിയിടത്തിൽ പോയിരുന്നു. അവിടെ പകൽ മുഴുവനും ട്രാക്ടർ ഓടിക്കുമായിരുന്നു. ചില ദിവസങ്ങളിൽ ആറ്, ഏഴ് മണിക്കൂർ ട്രാക്ടർ ഓടിച്ചിരുന്നു. ഒരു ദിവസം ഞാൻ തുടർച്ചയായി പത്ത് മണിക്കൂർ ട്രാക്ടർ ഓടിക്കുകയുണ്ടായി.

അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിൽ എന്റെ പഠനം വളരെ നല്ലനിലയിൽ ഒന്നുമല്ലായിരുന്നു. എന്നിട്ടും ഞാൻ നല്ലമാർക്കോടെ വിജയിച്ചു. ഇത്രയും നന്നായി എങ്ങിനെ വിജയിച്ചുവെന്നാൽ, അതിന് പിന്നിൽ ഞാൻ മനസിലാക്കുന്നത് എന്റെ ദുഃആകളും ഭാവിയെകുറിച്ചുള്ള എന്റെ നല്ല ആഗ്രഹങ്ങളുമായിരുന്നുവെന്നാണ്. ഇനി ഈ വിഷയത്തിൽ എന്തെങ്കിലും പറയുന്നതിന് പകരം, മറ്റ് ചല സംഗതികൾ കേൾപ്പിക്കാം. ഞാൻ ജീവിതം വഖഫ് ചെയ്യാൻഉദ്ദേശിച്ചപ്പോൾ അല്ലാഹുവിനോട് ദുഃആ ചെയ്തു. അല്ലാഹുവേ, MSC യിൽ ഫസ്റ്റ് ക്ലാസോടെ വിജയിച്ചെങ്കിൽ മാത്രമേ ഞാൻ വഖഫ് ചെയ്യുന്നുള്ളുവെന്ന്. ഞാൻ മനസിലാക്കുന്നത് അതിന്റെ റിസൽട്ട് ദുഃആയുടെ ഫലമായിരുന്നുവെന്നാണ്.

**പ്രതിനിധി: ഹുസൂർ മുൻകാല ഖലീഫമാരുമായി എന്തെങ്കിലും പ്രത്യേക ഓർമകൾ**

ഹുസൂർ: ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) മായുള്ള ബന്ധം ഞാൻ നേരത്തെ പറഞ്ഞതാണ്. അദ്ദേഹം ഏകദേശം 6 വർഷത്തോളം രോഗശയ്യയിലായിരുന്നു. വഫാത്ത് വേളയിൽ എനിക്ക് 15 വയസായിരുന്നു പ്രായം. ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) എന്റെ മാതുലനായിരുന്നു. അദ്ദേഹം ഖലീഫ ആയ ശേഷം എന്നോട് സ്നേഹവും, വാൽസല്യവും വളരെ കൂടുതലായി.

ഞാൻ യൂണിവേഴ്സിറ്റിലായിരുന്നപ്പോൾ അവിടെ നിന്ന് ശുദ്ധമായ തേൻ കൊണ്ടുവരാൻ അദ്ദേഹം എന്നോട് പറഞ്ഞിരുന്നു. യൂണിവേഴ്സിറ്റിയിൽ API Department എന്ന പേരിൽ ഒരു വിഭാഗമുണ്ടായിരുന്നു. അതിൽ തേനീച്ചകളെ പരിപാലിക്കാനുള്ള പരിശീലനമാണ് നൽകുന്നത്. ഞാൻ അവിടെ നിന്നാണ് ശുദ്ധമായ തേൻ കൊണ്ടുവന്നിരുന്നത്.

ഞാൻ ഓർക്കുന്നു, ഒരിക്കൽ അദ്ദേഹം എനിക്ക് കുറച്ച് പൈസ തന്നു. ഞാൻ പറഞ്ഞു, ഇപ്പോൾ വേണ്ട, തേൻ കൊണ്ടുവന്നശേഷം പൈസ വാങ്ങാം. അദ്ദേഹം പറഞ്ഞു, ഈ പൈസവാങ്ങൂ, ഞാൻ ആരോടെങ്കിലും എന്തെങ്കിലും ആവശ്യപ്പെട്ടാൽ, അതിന്റെ പൈസ ആദ്യം കൊടുക്കുക എന്നതാണ് എന്റെ ശീലം. യാദൃശ്ചികമെന്നേ പറയേണ്ടു എനിക്ക് അത്തവണ ഡിപ്പാർട്ട്മെന്റിൽ നിന്ന് തേൻ കിട്ടിയില്ല. യൂണിവേഴ്സിറ്റിയിൽ ഒരു അഹ്മദി പ്രൊഫസർ ഉണ്ടായിരുന്നു. ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്)ന് തേൻ വേണമെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. അങ്ങിനെ അദ്ദേഹം തേൻകൊണ്ടുവന്നുതന്നു. അതിൽ തേനീച്ചയുടെ കൂടും ഉണ്ടായിരുന്നു. അത് ശുദ്ധമായ തേനാണെന്നതിനുള്ള ലക്ഷണമാണ്. പലതും ചേർത്തുണ്ടാക്കി തേനാണെന്ന് പറഞ്ഞ് വിൽക്കാറുള്ളതാണല്ലോ! ഞാനോർക്കുന്നു, ആ അഹ്മദി പ്രൊഫസർ, തേനിന്റെ വില വാങ്ങിയില്ല. ഏതായാലും ഞാൻ നാല് ബോട്ടൽ തേനും ഹുസൂർ തന്ന 20 രൂപയും ഹുസൂറിന് ഏൽപിക്കാനൊരുങ്ങുകയായിരുന്നു. ഹുസൂർ പറഞ്ഞു, ഞാൻ കൊടുത്ത സംഖ്യ തിരിച്ച് വാങ്ങാറില്ല. ആ പൈസ നിങ്ങളുടെതാണ്. തേൻകാരൻ നിങ്ങളിൽ നിന്ന് പൈസ വാങ്ങിയാലും ഇല്ലെങ്കിലും .



ഞാൻ ഓർക്കുന്നു, ഞാൻ ജീവിതം വഖഫ് ചെയ്യാൻ തീരുമാനിച്ചപ്പോൾ, തഹ്രീക് ജദീദുകാർ, ഒരു പക്ഷേ എന്റെ ക്വാളിഫിക്കേഷൻ കണ്ടിട്ടായിരിക്കാം, എന്റെ അവശ്യമില്ലെന്ന് പറഞ്ഞു. അവരുടെ നിഗമനപ്രകാരം എനിക്ക് ഓഫീസ് ഡ്യൂട്ടിതരാൻ സാധ്യമല്ലായിരുന്നു. മാത്രമല്ല നമ്മുടെ അഫ്രിക്കൻ സ്കൂളുകളിൽ എന്റെ വിഷയവുമായി ബന്ധപ്പെട്ട ടീച്ചർമാരേയും ആവശ്യമില്ലായിരുന്നു. അങ്ങനെ ഞാൻ, നേരിട്ട് ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) യുടെ സവിധത്തിൽ കത്തെഴുതി. ഹുസൂർ ആ കത്ത് തഹ്രീക് ജദീദിനയച്ചുകൊടുത്തു. പക്ഷേ, തഹ്രീക് ജദീദുകാർ, ഞങ്ങൾക്കിപ്പോൾ ഇയാളെ ആവശ്യമില്ലെന്നും മറ്റെന്തെങ്കിലും ജോലി നൽകുകയാണെങ്കിൽ ഉചിതമായിരിക്കുമെന്നും പറഞ്ഞ് ഹുസൂറിനെ അറിയിച്ചു. ഈ മറുപടി കിട്ടിയപ്പോൾ ഹുസൂർ പറഞ്ഞു, നിങ്ങൾക്ക് ഇയാളെ ആവശ്യമില്ല, പക്ഷേ എനിക്ക് ആവശ്യമുണ്ട്. തുടർന്ന് ഹുസൂർ എന്നെ നുസ്റത് ജഹാൻ സ്കീമിനുകീഴിൽ ആഫ്രിക്കയിലെ ഘാനയിൽ പോകാൻ നിർദ്ദേശിച്ചു. ഘാനയിലേക്ക് പോകുമ്പോൾ ഞാൻ ഹുസൂറിനെ കാണാൻചെന്നു. ഹുസൂർ എന്നെ ആലിംഗനം ചെയ്തു. (എന്റെ ജീവിതത്തിൽ ഒരു ഖലീഫ എന്നെ ആലിംഗനം ചെയ്യുന്ന ആദ്യത്തെ അനുഭവമായിരുന്നു) ഹുസൂർ പറഞ്ഞു, ഘാനയെ ഗോൾഡ് കോസ്റ്റ് എന്ന്പറയാറുണ്ട്. നിങ്ങൾ അവിടെ നടക്കുമ്പോൾ എന്തെങ്കിലും സാധനത്തിൽ ഷൂ തട്ടിയാൽ അവിടെ മണ്ണ്നീക്കി നോക്കണം. അതിനടിയിൽ സ്വർണമുണ്ടാകും. പിന്നെ വളരെ പ്രധാനപ്പെട്ട ഒരു സംഗതി എന്നോട് പറഞ്ഞു, നിങ്ങളൊരു വഖ്ഫെ സിന്ദഗി എന്ന നിലക്കാണ് പോകുന്നതെന്ന് ഓർമവേണം. നിങ്ങൾ, ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ കുടുംബക്കാരനാണ്. അതുകൊണ്ട് ജനങ്ങളുടെ ദൃഷ്ടി നിങ്ങൾക്ക് മേലു




ദഅ്‌വത്തെ ഇലല്ലാഹ്

സഗീർ എച്ച്.എസ്

# ഡിസംബർ 31 നുള്ളിൽ മൂന്ന്പേർ ബയ്അത്ത് ചെയ്യും

ലണ്ടൻ മസ്ജിദിലെ മുൻ ഇമാമും യു.കെ ഇൻചാർജ് മുബല്ലിഗും ആയിരുന്ന മൗലാനാ ബശീർ അഹ്മദ് സാഹിബ് റഫീഖ് ഗ്ലാസ്ഗോയിലെ മുബല്ലിഗ് മൗലാനാ ബശീർ അഹ്മദ് സാഹിബ് ഓർച്ചാഡിന് കത്തയച്ചുകൊണ്ട്, ബയ്അത്തുകൾ ഇല്ലാത്തതിനെ കുറിച്ച് ഓർമപ്പെടുത്തുകയുണ്ടായി.



അതിനുള്ള മറുപടിയിൽ മൗലാനാ ഓർച്ചാഡ് സാഹിബ് എഴുതി ഇൻശാ അല്ലാഹ് ഡിസംബർ 31 നുള്ളിൽ ഞാൻ മൂന്ന് സ്കോട്ടിഷ് പൗരന്മാരുടെ ബയ്അത്ത് അയക്കുന്നതാണ്. ആദ്യം രണ്ട് ബയ്അത്തും തുടർന്ന് ഡിസംബർ പകുതിയിൽ മൂന്നാമത്തെ ബയ്അത്ത് ഫോറവും ഓഫീസിൽ കിട്ടി. ഇത്രയും കൃത്യമായി എങ്ങിനെയാണ് മൗലാനാ ഓർച്ചാഡ് സാഹിബ് പ്രവചിച്ചത് എന്നതിനെ പറ്റി അന്വേഷിച്ചപ്പോൾ മൗലാനാ ബി.എ. റഫീഖ് സാഹിബിനോട് അദ്ദേഹം പറഞ്ഞു:

എനിക്ക് താങ്കളുടെ കത്ത് കിട്ടിയപ്പോൾ ഏറെ പ്രയാസമനുഭവപ്പെട്ടു. ഞാൻ എല്ലാ ദിവസവും തബ്ലീഗിന് പോകാറുണ്ട്. നോട്ടീസുകൾ വിതരണം ചെയ്യുകയും പ്രസംഗിക്കുകയും ഒക്കെചെയ്യാറുണ്ടായിരുന്നു. പക്ഷേ ബയ്അത്ത് എന്ന നിലക്ക് റിസൽട്ട് മാത്രം കിട്ടിയില്ല. താങ്കളുടെ കത്ത് കിട്ടിയപ്പോൾ ദൈവിക കവാടങ്ങളിൽ മുട്ടുക മാത്രമേ നിവൃത്തിയുള്ളൂ എന്ന് മനസിലായി. കാരണം എനിക്കെന്റെ പ്രയത്നം കൊണ്ട് ലക്ഷ്യപ്രാപ്തിയിലെത്താൻ കഴിഞ്ഞിരുന്നില്ല. അങ്ങിനെ ഞാൻ പ്രത്യേകം ദുഃആ ചെയ്തുതുടങ്ങി. ദൈവിക സവിധത്തിൽ കരഞ്ഞ് കരഞ്ഞ് ദുഃആ ചെയ്തു. നാഥാ, നീ അയച്ച ഈ ദീനിൽ വിശ്വസിക്കാൻ, ഹദ്റത് മുഹമ്മദ് റസൂലല്ലാഹ്(സ)ന് മേൽ സ്വലാത്ത് ചൊല്ലാൻ നീ തന്നെ അദൃശ്യത്തിൽ നിന്ന് കുറച്ച്പേരെ തരേണമേ....

ഞാൻ കുറേ ദിവസങ്ങളോളം തുടർച്ചയായി വിങ്ങുന്ന ഹൃദയവുമായി ഈ ദുഃആ തുടർന്നു. അങ്ങനെ ഒരു രാത്രി ഞാൻ, ഒരു മഹാത്മാവിനെ സ്വപ്നത്തിൽ കണ്ടു. അദ്ദേഹം എന്നോട് പറഞ്ഞു: അല്ലാഹു നിന്റെ ദുഃആകൾ സ്വീകരിച്ചിരിക്കുന്നു. വർഷാവസാനത്തിനുള്ളിൽ നിനക്ക് അവൻ മൂന്ന് ബയ്അത്തുകൾ തരുന്നതാണ്.





നേരം പുലർന്നതും ഞാൻ താങ്കൾക്ക് കത്തയച്ചു. കാരണം എന്റെ സ്വപ്നം സത്യമാണെന്ന് എനിക്ക് ബോധ്യമുണ്ടായിരുന്നു.



അതിനെ തുടർന്ന്, ഒന്നിനുപിറകെ മറ്റൊന്നായി മൂന്ന് പേർ എന്റെ വാതിൽക്കലെത്തി. എന്നോട് ഇസ്‌ലാമിനെ കുറിച്ച് അന്വേഷിച്ചു. അവർ പറഞ്ഞത്, വഴിയിലൂടെ പോകുമ്പോൾ മിഷൻ ഹൗസിന്റെ ബോർഡ് കണ്ടുവെന്നും, അതേ കുറിച്ച് അന്വേഷിക്കാൻ കയറിയെന്നുമാണ്. ഞാൻ അവർക്ക് ഇസ്‌ലാമിക അധ്യാപനങ്ങൾ പറഞ്ഞുകൊടുത്തു. അവർ യാതൊരു തർക്കുത്തരത്തിനും മുതിരാതെ ബയ്അത്ത് ഫോറം പൂരിപ്പിച്ച് ശഹാദത്ത് കലിമ ചൊല്ലി മുസ്‌ലിംകളാവുകയായിരുന്നു.

ഇതെല്ലാം ദുഃആയുടെ ഫലമാണ്. അല്ലാഹു താൻ തന്നെ അവരെ എന്റെ വാതിൽക്കൽ എത്തിക്കുകയും, അവരുടെ ഹൃദയങ്ങളെ ഇസ്‌ലാം സ്വീകരിക്കാൻ ഒരുക്കുകയും ചെയ്തു.

(A MEMOIR, പേജ് : 385,386)

---

ണ്ടായിരിക്കും. എപ്പോഴും അല്ലാഹുവിനെ ഓർക്കുക. ഇസ്‌ലാമിന്റെ അധ്യാപനങ്ങൾക്കും അഹ്മദിയ്യാ സമ്പ്രദായങ്ങൾക്കും എതിരായി ഒന്നും ചെയ്യരുത്. ഇതൊക്കെയാണ് ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) മായി ബന്ധപ്പെട്ടകാര്യങ്ങൾ. വേറെയും പലതുമുണ്ട്. ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) മായി എനിക്ക് ചെറുപ്പത്തിൽ തന്നെ വളരെ അടുത്ത ബന്ധമുണ്ടായിരുന്നു. ഹുസൂർ ഖലീഫ ആകുന്നതിനും വളരെ മുൻപ് 1972-ൽ ഒരിക്കൽ ഞങ്ങൾ വെവ്വേറെ മിരിയിൽ പോകാൻ പ്ലാനിട്ടു. പക്ഷേ യാദൃശ്ചികമെന്ന് പറയട്ടെ മിരിയിൽ ഞങ്ങൾ കണ്ടുമുട്ടി. അദ്ദേഹത്തോടൊപ്പം അവിടെ ഹൈക്കിംഗും മറ്റും ചെയ്യാൻ അവസരം ലഭിച്ചു. മുഴുവൻ സമയവും ഒരു ഔപചാരികതയുമില്ലാതെ Relaxed Mood ൽ ആണ് കഴിഞ്ഞത്. അദ്ദേഹം ഖലീഫ ആയപ്പോൾ ഞാൻ ഘാനയിലായിരുന്നു. ഖലീഫ ആയശേഷം ആദ്യ മുലാഖാത്തിന് 1985-ൽ ലണ്ടനിലാണ് അവസരം ലഭിച്ചത്. റബ്‌വയിലേക്ക് പോകും വഴി രണ്ട് ദിവസം ലണ്ടനിൽ തങ്ങിയതായിരുന്നു. അദ്ദേഹം ഖലീഫ ആകും വരെയും ഞാൻ അദ്ദേഹത്തോട് വളരെ Free ആയിരുന്നു. പക്ഷേ ഖലീഫ ആയപ്പോൾ ഒരുപാട് മാറ്റങ്ങൾ വന്നിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന് മുന്നിൽ എനിക്കും മാറ്റങ്ങൾ ഉണ്ടായി. ഞാൻ ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) നെ ലണ്ടനിൽ സന്ദർശിച്ചപ്പോൾ ഒരുപാട് കാര്യങ്ങളെകുറിച്ച് സംസാരിച്ചു. പക്ഷേ പഴയതു പോലെയല്ലായിരുന്നു. ഹുസൂർ എന്നോട് ഘാനക്ക് പോകുന്നതിനു പകരം റബ്‌വയിൽ തന്നെ തങ്ങാൻ നിർദ്ദേശിച്ചു. റബ്‌വയിൽ എനിക്ക് ഡ്യൂട്ടിതന്നു. അവിടെ ഹുസൂർ തന്റെ ചില സ്വന്തം ജോലികളും എന്നെ ഏൽപ്പിച്ചിരുന്നു. സിന്ധിലും പഞ്ചാബിലും മറ്റുമുള്ള ഹുസൂറിന്റെ ഭൂമി ഞാനാണ് നോക്കിയിരുന്നത്. ഹുസൂറിന് എന്നിൽ എത്രമാത്രം വിശ്വാസമായിരുന്നുവെന്നാൽ ആ മുഴുവൻ ജോലിയും എന്നെ ഏൽപ്പിക്കുകയായിരുന്നു. ഞാനെന്തെങ്കിലും അഭിപ്രായം പറഞ്ഞാൽ അത് ഉടനെ സ്വീകരിച്ചിരുന്നു. ഏതെങ്കിലും കാര്യത്തിൽ വേറെ ആരെങ്കിലും ഭിന്നമായ അഭിപ്രായം പ്രകടിപ്പിച്ചാലും ഹുസൂർ ഞാൻ പറഞ്ഞ അഭിപ്രായമാണ് സ്വീകരിച്ചിരുന്നത്. ഇതൊക്കെ വ്യക്തിപരമായ കാര്യങ്ങളാണ്.

ജമാഅത്തീ കാര്യങ്ങളിലും എന്നിൽ വിശ്വാസമുണ്ടായിരുന്നു. ഹുസൂർ ആണ് എന്നെ നാസിർ അഅ്‌ല ആക്കിയത്. പാക്കിസ്ഥാനിൽ ഏറ്റവും ഉയർന്ന ജമാഅത്തി സ്ഥാനമാണിത്. ഞാൻ അനുഭവം കുറഞ്ഞ പ്രായം കുറഞ്ഞ ആളായിരുന്നു. യഥാർഥത്തിൽ എന്നേക്കാൾ അനുഭവസമ്പത്തും കഴിവും ആത്മീയ നിലവാരത്തിൽ ഉയർന്നതും,. ബൗദ്ധികമായി കഴിവുള്ള ആളുകൾ ഉണ്ടായിരുന്നു. വേറെയും ഒരുപാട് Factors ഉണ്ടായിരുന്നു. എന്നിട്ടും എന്നെ എന്തിനാണ് ഈ സ്ഥാനത്ത് അവരോധിച്ചത് എന്നെനിക്ക് അറിയില്ല.

ഒരു പക്ഷേ ദൈവിക തീരുമാനമായിരിക്കാം. അഥവാ ഹുസൂറിന് എന്നിലുള്ള വിശ്വാസവും ഹുസൂറിന്റെ ദുഃആകളുമാകാം. പാക്കിസ്ഥാനിൽ സംഘടനാ സംവിധാനം മുന്നോട്ട് കൊണ്ടുപോകുന്നതിൽ ഒരുപാട് ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. പക്ഷേ അതൊക്കെ വളരെ എളുപ്പത്തിൽ കൈകാര്യം ചെയ്യുന്നതിൽ ഞാൻ വിജയിക്കുകയുണ്ടായി.

**പ്രതിനിധി: പാക്കിസ്ഥാനിൽ ഖുദ്ദാമുൽ അഹ്മദിയ്യയിലും അങ്ങേക്ക് Roll ഉണ്ടായിരുന്നു. അങ്ങ് അവിടെ എന്തെല്ലാം സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഏത് കാര്യമാണ് അങ്ങേക്ക് Enjoyable ആയിരുന്നത്?**

(തുടരും)

വീക്ഷണവിശേഷം

ഒബ്സർവർ

# മണിചെയിൻ - അംഗങ്ങളാകാൻ ഭൗമേതര ജീവികളും!

ടിക്കറ്റിന്റെ ബാക്കി ചില്ലറ പൈസക്ക് വേണ്ടി യുദ്ധസമാനമായ അവസ്ഥയിലേക്ക് കാര്യങ്ങൾ കൊണ്ടു ചെന്നെത്തിക്കുന്ന മലയാളികൾ സാമാന്യബോധം പോലും കളഞ്ഞു കുളിച്ച് ലക്ഷങ്ങളും കോടികളും നഷ്ടപ്പെടുത്തി കരയുന്ന ദൃശ്യമാണ് വാർത്താ മാധ്യമങ്ങൾ നമുക്ക് കാണിച്ചുതരുന്നത്.

ആയിരം കോടിയുടെ തട്ടിപ്പ് നടന്നുവെന്നാണ് ഡി.ജി.പി. ജേക്കബ് പുന്നൂസ് പറയുന്നത്. എന്നാൽ യാഥാർഥ്യം അതിലും എത്രയോ അധികമാണത്രെ. പ്രശസ്ത മന: ശാസ്ത്രവിദഗ്ദൻ ഡോ. സി.ജെ.ജോൺ മലയാളിയുടെ സസുഖം വാണരുളാനുള്ള ആഗ്രഹത്തെക്കുറിച്ച് പറയുന്നത് മൃഗങ്ങൾക്ക് ഉള്ള യുക്തി പോലും തട്ടിപ്പിന്നിരയാകുന്നവർ കാണിക്കുന്നില്ലെന്നാണ്.

ചിലപ്പോൾ ഫ്ളാറ്റുകൾ സ്വന്തമാക്കാൻ മറ്റു ചിലപ്പോൾ നിശബ്ദരായിരുന്ന് കാശ് വാരാൻ അങ്ങനെ എത്ര എത്ര മേഖലകൾ! എന്തിനധികം പരസ്യം വായിച്ചാൽ പോലും സമ്പാദ്യം എന്നാണ് ഏറ്റവും പുതിയ വർത്തമാനം. പരസ്യം വായിക്കുന്നവർ മറ്റ് രണ്ട് പേരെക്കൊണ്ട് വായിപ്പിക്കണം. അവർ അടുത്ത് രണ്ടുപേരെ വീതം. അതിനൊക്കെ നമുക്ക് പൈസ കിട്ടുമത്രെ!

ചികിത്സാ ഇൻഷുറൻസ്, വീട്ടുചെലവ് ഇൻഷുറൻസ്, വേയ്സ്റ്റ് സംഭരണ ഇൻഷുറൻസ് അങ്ങനെ എന്തൊക്കെ പദ്ധതികൾ! നിരക്ഷരരായ മാതാപിതാക്കളിൽ നിന്ന് മിഠായിക്ക് പൈസ ഒപ്പിക്കാൻ, സ്കൂളിൽ പോകുമ്പോൾ ചൂൽഫീസും, ഡെസ്റ്റർ ഫീസും, ചോക്ക് ഫീസും വാങ്ങിപ്പോയിരുന്ന കുട്ടികളുടെ ലാഘവത്തോടെയാണ്, സമ്പൂർണ സാക്ഷരനും അതിബുദ്ധിമാനുമായ മലയാളിയെ പലരും മഠയനാക്കി മധുരം നുണഞ്ഞത്!

ആപ്പിൾ എ ഡേ എന്ന പേരിൽ രണ്ട് ചെറുപ്പക്കാർ 137 കോടിരൂപ കൈക്കലാക്കി. 500 കോടിയെന്നാണ് മാധ്യമങ്ങൾ സംശയിക്കുന്നത്. ചെന്നൈ ആസ്ഥാനമായ ടൈക്കൂൺ എംപയർ ഇന്റർനാഷണൽ ലിമിറ്റഡ് വടകര, തട്ടിയത് 370 കോടി! വെറൈസൺ ബിൽഡേഴ്സ് ആൻസ് ഡെവലപ്പേഴ്സ് 20കോടി അടിച്ചുമാറ്റി! ബിസാർ, റിസാറേവ്.. അങ്ങനെ കോടികൾ റാഞ്ചാൻ എത്രയെത്ര പേരുകൾ! തൊഴിലില്ലാതെ അലയുന്ന ചെറുപ്പക്കാരാണത്രെ ഏറെയും മുക്കിയതും മുങ്ങിയതും. സ്ത്രീജനങ്ങളും ഒട്ടും പിന്നിലല്ല, ബിസാർ തട്ടിപ്പിന് മാത്രം 66,000 മഹിളാരത്നങ്ങൾ ഇരയായി!

അതേ, കേരളീയന്റെ മികച്ച ജോലിയും, ഉന്നത വിദ്യാഭ്യാസവും, പ്രൗഢമായ ആഭിജാത്യവുമെല്ലാം തട്ടിപ്പിന് മുന്നിൽ ഓച്ഛാനിച്ചു നിൽക്കുന്നു!


എന്താണ് തട്ടിപ്പ്, വാർത്താമാധ്യമങ്ങളൊന്നും കഥയുടെ രസച്ചരട് പൊട്ടിച്ചതായി കണ്ടില്ല! (അല്ലെങ്കിലും അത് പൊട്ടാൻ അനുവദിക്കരുതല്ലോ, അവരല്ലേ ലൈവ് പാട്ടും കൂത്തും മുതൽ വിജ്ഞാനസംരംഭങ്ങൾ വരെ സ്പോൺസർ ചെയ്യുന്നത്)

തട്ടിപ്പിന്റെ യഥാർഥ്യം ഒന്ന് വിശകലനം ചെയ്യാം. ഒരാൾ 3000 രൂപ നിക്ഷേപിച്ച് കമ്പനി അംഗത്വമെടുക്കുന്നു. രണ്ട് പേരെ ചേർത്ത് കൊടുക്കുന്നു. അവർ അടുത്ത ലെവലിൽ രണ്ട് പേരെ വീതം ചേർക്കുന്നു. അങ്ങനെ 10-ാമത്തെ ലെവലിൽ കമ്പനിക്ക് 1024 അംഗങ്ങളേയും, 30 ലക്ഷത്തി 69 ആയിരം രൂപയും കിട്ടും. 20-ാമത്തെ ലെവലിൽ 10 ലക്ഷം അംഗങ്ങളും 256 കോടി രൂപയും കമ്പനിക്ക് സ്വന്തം. 33-ാമത്തെ ലെവൽ ആകുമ്പോഴേക്ക് അൽപസ്വൽപം മിണ്ടാപ്രാണികളെ കൂടി ചേർത്ത് 768 കോടി അംഗങ്ങളും, 21 ലക്ഷം കോടി രൂപയും കിട്ടിയിരിക്കും. ഇതിൽ 50 കോടിരൂപ കമ്പനി സാധനങ്ങളായും (പേസ്റ്റ്, ബ്രഷ്, കണ്ണാടി, ചീർപ്പ്, പൗഡർ, ചെപ്പിത്തോണ്ടി, ടവൽ മുതലായവ) ഡി. ഡിയായും അംഗങ്ങൾക്ക് വീതം വെക്കും.

34-ാമത്തെ ലവലിൽ എത്തുന്ന ദരിദ്രനാരായണന്മാർ,ഹതഭാഗ്യന്മാർ കമ്പനിക്ക് ആളെ കൂട്ടാൻ ഭൗമേതര ജീവികളെത്തേടി അലയേണ്ടിവരും! (എന്നാലും മലയാളി സന്തോഷിക്കും, ഇല്ലാത്ത കാശ് മുടക്കിയാലും ഒരു ബഹിരാകാശയാത്ര തരപ്പെടുമല്ലോ!)

**ഗുട്ടൻസ്**

ആലപ്പുഴയിൽ വി. ഖുർആൻ വചനങ്ങൾ കേൾപ്പിക്കുന്ന അത്ഭുതപേന കൊണ്ടാണ് തട്ടിപ്പ്! പേനയുടെ ആകൃതിയിലെ ഒരു എം.പി.ത്രീ പ്ലെയറിൽ ഖുർആൻ വചനങ്ങൾ റിക്കാർഡ് ചെയ്തിരിക്കുന്നു. 1215 രൂപ വിലയുള്ള ഈ എം.പി.ത്രിക്ക് വാങ്ങുന്നത് 4500 രൂപ! തട്ടിപ്പിനെത്ര മനോഹരമായ വഴികൾ! കുറുക്കു വഴികൾ!!



ആരോഗ്യം

# സോയാബീൻ ഹൃദ്രോഗങ്ങളെ പ്രതിരോധിക്കും

- ഹ.ഖലീഫത്തുൽ മസീഹ് III (റഹ്) -

ഞാൻ കഴിഞ്ഞ ഇരുപത് കൊല്ലമായി, സോയാബീൻ ഉപയോഗിക്കാൻ ജമാഅത്തിന്റെ ശ്രദ്ധ ക്ഷണിച്ചു കൊണ്ടിരിക്കുകയാണ്. സോയാബീന്റെ ഒരു വലിയ ഗുണം അത് ഉപയോഗിക്കുകയാണെങ്കിൽ ഹൃദ്രോഗങ്ങൾ ഒരിക്കലും ഉണ്ടാകുന്നതല്ല. ചൈനക്കാർക്ക് ഹൃദ്രോഗങ്ങളേ ഉണ്ടാവുന്നില്ല എന്ന കാര്യത്തിൽ യൂറോപ്യന്മാർ അത്ഭുത പരതന്ത്രരായിരുന്നു. യൂറോപ്പിലെ വലിയ വലിയ ഡോക്ടർമാർ ചൈനയിലെത്തി ഇതേക്കുറിച്ച് ഗവേഷണം നടത്തുകയുണ്ടായി. അപ്പോഴാണ് അവരുടെ എല്ലാ ആഹാരങ്ങളിലും സോയാബിന്റെ ഉപയോഗത്തെക്കുറിച്ച് മനസിലായത്. സോയാബീൻ കഴിക്കുന്നതുകൊണ്ട് കൊഴുപ്പും മറ്റ് എണ്ണമയമുള്ള സാധനങ്ങളും ശരീരത്തിൽ അടിഞ്ഞുകൂടുന്നില്ല. സോയാബീനിൽ, അറിയപ്പെടുന്ന എല്ലാ വിറ്റാമിനുകളും ഉണ്ട്. അതിൽ എല്ലാ പോഷകങ്ങളും അടങ്ങിയിരിക്കുന്നു.





ഒരിക്കൽ ഒരു അഹ്മദി പറഞ്ഞത്, താങ്കൾ ഇപ്പോഴാണ് ഇതേകുറിച്ച് പറയുന്നത്. അമേരിക്കയിൽ എല്ലാവർക്കും ഇതിന്റെ ഗുണങ്ങളെക്കുറിച്ച് അറിയാമെന്നാണ്. അവിടെ ഇതിന്റെ വലിയ വലിയ ഇൻഡസ്ട്രിയുമുണ്ട്. ഇതേകുറിച്ച് ഉപദേശങ്ങൾ മാത്രം പോര, മറിച്ച് ജനങ്ങൾക്ക് ഭക്ഷിക്കാൻ ശീലമുണ്ടാകണം. എന്റെ കൈവശമുള്ള ഒരു പുസ്തകത്തിൽ സോയാബീൻ പാകം ചെയ്യേണ്ട മൂന്നൂറ് രീതികൾ പ്രതിപാദിച്ചിട്ടുണ്ട്. (മശ്അലെ രാഹ് ഭാഗം: 2, പേജ്: 575)








അഹ്മദി വിദ്യാർത്ഥികൾക്ക് തങ്ങളുടെ ആരോഗ്യം ശരിയായി സംരക്ഷിക്കാൻ സമീകൃതാഹാരം കഴിക്കേണ്ടിയിരിക്കുന്നു. സോയാബിനെക്കുറിച്ച് പഠനങ്ങൾ നടത്തണം. അതേകുറിച്ച് പുസ്തകങ്ങൾ വാങ്ങി, പരിചിന്തനം നടത്തി പഠിക്കുക. ഞാൻ ഇന്തോപാക്ക് വിഭജനത്തിന് എട്ട് ഒമ്പത് വർഷങ്ങൾക്ക് മുമ്പേ തന്നെ സോയാബീനെക്കുറിച്ച് പഠിക്കുന്നു. ബുദ്ധിമാന്മാരായ അഹ്മദി വിദ്യാർത്ഥികളിൽ ഇത് നല്ല ഗുണം ചെയ്തതായി അനുഭവപ്പെടുകയുണ്ടായി. സോയാബീൻ തയ്യാറാക്കുന്ന വ്യത്യസ്ത മാർഗങ്ങളെക്കുറിച്ച് നോട്ടീസുകൾ തയ്യാറാക്കി അഹ്മദികൾക്കിടയിൽ വിതരണം ചെയ്യണം. സോയാബീൻ വേവിക്കാതേയും കഴിക്കാവുന്നതാണ്. (പേജ്: 730)



(സമ്പാ: എ.നാസിർ)



വനിതാരംഗം
അബൂഅത്തിയ

# കണ്ണീരിൽ ചാലിച്ച കത്ത്

(മൊറിഷ്യസിൽ മുബല്ലിഗ് ആയിരുന്ന മൗലാനാ ഹാഫിസ് ജമാൽ അഹ്മദ് സാഹിബ് മർഹൂം തന്റെ മകൾക്ക് വിവാഹാവസരത്തിൽ നൽകിയ കത്ത്)

മൗലാനാ സാഹിബ്, മകൾക്ക് വിവാഹപ്രായമായപ്പോൾ, ദുഃആക്കപേക്ഷിച്ച് കൊണ്ട് ഹ.ഖലീഫത്തുൽ മസീഹ് സാനി(റ)ന് കത്തയച്ചു. മറുപടിയിൽ ഹുസൂർ അദ്ദേഹത്തോട് മൊറീഷ്യസിൽ തന്നെ തങ്ങാനും, അവിടെ മകളുടെ വിവാഹം നടത്താനും നിർദേശിച്ചു. ഖിലാഫത്തിന്റെ ആ എളിയ സേവകൻ പ്രസ്തുത ആജ്ഞയെ ശിരസാ വഹിച്ചുകൊണ്ട് ഭാഷാപരമായും, സാംസ്കാരികമായും ഏറെ വ്യത്യസ്തമായ ആ നാട്ടിൽ മകളുടെ വിവാഹം നടത്തുകയാണുണ്ടായത്. ആമിന സാഹിബ അവരെ കാണാൻ ചെന്ന ഹദ്റത് മൗലാനാ അബുൽ അത്വാസാഹിബ് ജലന്ധരിയുടെ മകൾക്ക് ഈ കത്ത് നൽകുകയുണ്ടായി. അന്നവർക്ക് 78 വയസായിരുന്നു പ്രായം.

**എന്റെ പ്രിയ മകൾ ആമിന** السلام علیکم ورحمۃ اللہ وبرکاتہ

അല്ലാഹു പെൺമക്കളെ മാതാപിതാക്കളുടെ വീട്ടിൽ താമസിക്കാനല്ല സൃഷ്ടിച്ചിരിക്കുന്നത്. മറിച്ച് മാതാപിതാക്കൾ, അവരെ മറ്റുള്ളവരുടെ വീടുകളെ ആവാസയോഗ്യമാക്കാനാണ് വളർത്തുന്നത്. നിന്റെ സമയമെത്തിയിരിക്കുന്നു. ഇനി നീ വേറൊരു വീടിന്റെ സൗന്ദര്യമാകണം. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നീ യുവതിയായിരിക്കുന്നു. ഞാൻ ഒരുപാട് ദുഃആ ചെയ്തും ഇസ്തിഖാറ ചെയ്തും നിന്റെ വിവാഹത്തിന് ഒരുങ്ങിയിരിക്കുന്നു. എന്നെക്കൊണ്ട് കഴിയും വിധം, നിന്നെ മറ്റൊരാളുടെ അമാനത്താണെന്ന് മനസിലാക്കിക്കൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ നിന്നെ എല്ലാ നിലക്കും സംരക്ഷിക്കുകയും പോറ്റുകയും ചെയ്തു. ഇപ്പോൾ നിന്റെ വിവാഹം നടത്തികൊണ്ട് പ്രത്യക്ഷത്തിൽ മിസ്റ്റർ മുഹമ്മദ് സുലൈമാൻ തേജുവിന്റെയും അർഹമുറാഹിമീൻ അല്ലാഹുവിന്റെയും കൈകളിലേൽപ്പിക്കുന്നു.

മോളേ, നിന്നെ സൃഷ്ടിച്ച അല്ലാഹുവിനെ നീ ഒരിക്കലും മറക്കരുത്. അവൻ നിന്നേയും മറക്കുന്നതല്ല. ഒരു നമസ്കാരവും നഷ്ടപ്പെടാൻ അനുവദിക്കരുത്. നിന്റെ ഭർത്താവും നമസ്കാരക്കാരനായിരിക്കാൻ ശ്രമിക്കുകയും വേണം. എല്ലാ ദിവസവും നിർബന്ധമായും രാവിലെ നമസ്കാരത്തിനു ശേഷം വിശുദ്ധ ഖുർആൻ പാരായണം ചെയ്യുക.

അല്ലാഹുവിനെ കഴിച്ചാൽ, ഭർത്താവിനെ പൂർണമായും അനുസരിക്കുക. സ്വന്തം സന്തോഷത്തേക്കാൾ അദ്ദേഹത്തിന്റെ സന്തോഷത്തെ മുന്തിക്കുക. ഭർത്താവിന്റെ ഇഷ്ടത്തിനെതിരിൽ ഒരു കാര്യത്തിലും വാശിപിടിക്കരുത്. അദ്ദേഹത്തിന്റെ കഴിവിന്നതീതമായി ഒരു തരത്തിലുള്ള ഭാരവും ഏൽപ്പിക്കുകയുമരുത്. അല്ലാഹു തിന്നാനും കുടിക്കാനും തന്നതിൽ അല്ലാഹുവിനോട് നന്ദികാണിക്കുക. ഭർത്താവിന്റെ ഉപ്പയേയും സ്വന്തം പിതാവിനെപോലെ ആദരിക്കുക. അദ്ദേഹത്തെ എല്ലാനിലക്കും സന്തോഷിപ്പിക്കാനും, അദ്ദേഹത്തിനും സേവനം ചെയ്യാൻ ശ്രദ്ധിക്കുക. ഭർത്താവിന്റെ എല്ലാ ബന്ധുക്കളോടും ആദരപൂർവ്വം പെരുമാറണം.

ഒരു സാധനവും അധികം കൊതിയോടുകൂടി വേഗം വേഗം തിന്നരുത്. മറിച്ച് സാവധാനത്തിൽ ചവച്ച് തിന്നണം. പല്ല് എപ്പോഴും വൃത്തിയാക്കിവെക്കുക. ശരീരത്തിലെ വസ്ത്രം, പഴയതാണെങ്കിലും, വൃത്തിയാക്കിവെക്കുക. വൃത്തികേടായിരിക്കുന്ന സ്വഭാവം ഉണ്ടാവരുത്. വീട്ടിലെ ഓരോ സാധനത്തിനും നിശ്ചിത സ്ഥലം ഉണ്ടാക്കുക. അങ്ങിനെയായാൽ ഇരുട്ടിലാണെങ്കിലും അത്യാവശ്യം നേരിട്ടാൽ എളുപ്പത്തിൽ കിട്ടുന്നതാണ്.

ഒരു വസ്തുവും അഗണ്യമായി വലിച്ചെറിയരുത്. സൂക്ഷിച്ചുവെക്കണം. അത് ഒരു ആണിയാണെങ്കിലും ശരി. അത് നിനക്ക് എന്തെങ്കിലും ഉപകാരപ്പെടുന്നതാണ്.

മോളെ, ദൗർഭാഗ്യവശാൽ, നിനക്ക് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായാൽ മാതാപിതാക്കളോട് പരാതി പറയുന്നതിന് പകരം **അല്ലാഹുവിന്റെ മുന്നിൽ കരയുക. അവനോട് പ്രാർഥിക്കുക.** കാരണം, അവൻ ദുആ ചെയ്യുന്നവർക്ക് വേണ്ടി മാതാപിതാക്കളേക്കാളും കാരുണ്യം കാട്ടുന്നവനാണ്. ദുഃആ ഒരു വലിയ അമൂല്യനിധിയാണ്. അതിനെ ഒരിക്കലും ഉപേക്ഷിക്കരുത്. നിന്റെ ദുഃആകളിൽ മാതാപിതാക്കളേയും സഹോദരി സഹോദരന്മാരേയും ഓർക്കണം. നീ നിന്റെ റബ്ബിനെ സന്തോഷിപ്പിച്ചാൽ, അവൻ നിന്റെ ഭർത്താവിനെ നിന്നോട് ഔദാര്യം കാണിക്കുന്നവനാക്കും. ഭർത്താവിന്റെ ഒരു രഹസ്യവും വീട്ടിൽ ആരോടും പറയരുത്.ഒരിക്കലും അഹങ്കരിക്കുകയുമരുത്. സാധുക്കളോടും വിധവകളോടും നല്ലനിലയിൽ വർത്തിക്കുക. എപ്പോഴും സദ്ഖ ഖൈറാത്തുകൾ കൊടുത്തുകൊണ്ടിരിക്കുക. കാരണം സദ്ഖ ആപത്തുകളെ അകറ്റുന്നു.

ഞങ്ങൾ, ഞങ്ങളുടെ വീക്ഷണമനുസരിച്ച് നല്ലൊരു സ്ഥലത്താണ് നിന്റെ വിവാഹം നടത്തിയിരിക്കുന്നത്. ഞങ്ങൾ കരുതുന്നത് നിന്നെ അവർ നല്ലപോലെ ശ്രദ്ധിക്കുമെന്നാണ്. നിനക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാകുന്നതല്ല. അല്ലാഹു ഞങ്ങളുടെ പ്രതീക്ഷകളേക്കാളും നല്ല രീതിയിൽ ആക്കുമാറാകട്ടെ എന്ന് ദുഃആ ചെയ്യുന്നു.


മോളെ, നിന്നെ സംരക്ഷിച്ച് വളർത്തി ഇപ്പോൾ യാത്രയാക്കുമ്പോൾ ഞങ്ങളുടെ ഹൃദയം വേദന അനുഭവിക്കുന്നു. പക്ഷേ ദൈവിക കൽപനക്ക് മുന്നിൽ ഞങ്ങൾ നിർബന്ധിതരാണ്. അല്ലാഹു സ്ത്രീകളെ അവരുടെ ഭർത്താക്കന്മാർക്ക് വേണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളത്. അവരുടെ യഥാർഥ സന്തോഷം, അല്ലാഹു അനുഗ്രഹിച്ചാൽ ഭർത്താക്കന്മാരോടൊപ്പം ജീവിക്കുന്നതിലാണ്. നിനക്ക് ഭർത്താവ് എന്തെങ്കിലും പോക്കറ്റ് മണി തന്നാൽ അതിൽ നിന്ന് അല്ലാഹുവിന്റെ ഭാഗം മാറ്റിവെക്കുക. ചുരുങ്ങിയത് ഒരു രൂപക്ക് ഒരണ ചന്ദ കൊടുക്കണം. ഞാൻ പത്തിലൊന്നാണ് ചന്ദ കൊടുക്കാറുള്ളത്.

മക്കക്കും മദീനക്കും ശേഷം ഖാദിയാൻ ശരീഫിന്റെ സ്ഥാനം മറ്റൊരു സ്ഥലത്തിനുമില്ല. കാരണം, ആ മണ്ണിലാണ് അല്ലാഹു ഇക്കാലഘട്ടത്തിൽ ലോകത്തിന്റെ മോക്ഷത്തിനുള്ള മഹാനായ നബിയെ അയച്ചിട്ടുള്ളത്. അവിടെ അദ്ദേഹത്തിന്റെ മക്ക ൾ വളർന്നുവരണമെന്നും വിശുദ്ധ ഖുർആന്റേയും തിരുനബി(സ)ന്റേയും നാമം പ്രകാശിതമാകണമെന്നും അല്ലാഹു ഇച്ഛിക്കുന്നു. അവിടെ നിന്ന് വരുന്ന എല്ലാ കൽപനയും ശിരസാ വഹിക്കുക. അവിടെ പോകാൻ എപ്പോഴും ഹൃദയത്തിൽ സത്യസന്ധമായ ആഗ്രഹം ഉണ്ടാകണം. അവിടെയുള്ള ജീവിതമായാലും മരണമായാലും ഏറെ അനുഗ്രഹീതമാണ്. **ഞാനീ കത്ത് കണ്ണീരുകൊണ്ടാണ് എഴുതിയിട്ടുള്ളത്.** നിനക്കും നിന്റെ ഭർത്താവിനും വേണ്ടി ഒരുപാട് ദുഃആ ചെയ്യുന്നുണ്ട്. എന്റെ കത്ത് സൂക്ഷിച്ചുവെക്കുക. എപ്പോഴെങ്കിലുമൊക്കെ ഇടക്കിടെ വായിക്കണം. എന്റെ ഉപദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കണം. അല്ലാഹു സംരക്ഷകനായിരിക്കട്ടെ. അല്ലാഹു നിന്നോടൊപ്പം ഉണ്ടാവട്ടെ. അവന്റെ കാരുണ്യത്തിൻ കീഴിൽ പുഷ്പിക്കയും കായ്ക്കുകയും സുഖിക്കുകയും ചെയ്യാൻ ഇടവരട്ടെ.

വസ്സലാം നിന്നെ ഏറെ സ്നേഹിക്കുന്ന നിന്റെ ഉപ്പ,
ഹാഫിസ് ജമാൽ അഹ്മദ് 17.6.1944

ചരിത്രം

## സർ മുഹമ്മദ് സഫറുല്ലാഹ്ഖാൻ മുസ്‌ലിം ലീഗ് അഖിലേന്ത്യാ പ്രസിഡന്റ്



1931 ഡിസംബറിൽ മുസ്‌ലിം ലീഗ് വാർഷിക യോഗം ചേർന്നു. ലീഗ് കൗൺസിൽ സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബിനെ പ്രസിഡന്റായി തിരഞ്ഞെടുത്തു. അക്കാലത്ത് മുസ്‌ലിംകൾ ക്കിടയിൽ ആൾ പാർട്ടീസ് മുസ്‌ലിം കോൺഫ്രൻസും പ്രവർത്തിച്ചിരുന്നു. രണ്ട് മുസ്‌ലിം പാർട്ടികൾ മുസ്‌ലിം സമുദായത്തിന് ക്ഷീണമാകുമെന്ന് കരുതിയ ചൗധരി സാഹിബ് അതിനെ മുസ്‌ലിം ലീഗിൽ ലയിപ്പിക്കാൻ ശ്രമിച്ചിരുന്നു.

ചൗധരി സാഹിബിനെ ലീഗ് പ്രസിഡന്റാക്കിയതിൽ അഹ്റാർ പാർട്ടിയും മറ്റ് ചില മുസ്‌ലിം വിഭാഗങ്ങളും പ്രതിഷേധിച്ചെങ്കിലും അതൊക്കെ മുദ്രാവാക്യങ്ങളിലും ഭീഷണിയിലും മാത്രമൊതുങ്ങുകയാണുണ്ടായത്. അടുത്ത വാർഷികസമ്മേളനത്തിൽ ചൗധരിസാഹിബ് അധ്യക്ഷപ്രസംഗം നടത്തുകയുണ്ടായി.

1932 ൽ സർ ഫദ്ൽ ഹുസൈൻ സാഹിബ് ലീവിൽ പോകുമ്പോൾ വൈസ്രോയി കൗൺസിലിലേക്ക് ചൗധരി സാഹബ് താൽക്കാലിക അംഗമായി നിയമിക്കപ്പെട്ടു. അതേ തുടർന്ന് ലീഗ് പ്രസിഡന്റ് സ്ഥാനം രാജിവെക്കുകയാണുണ്ടായത്. (അവ: തഹ്ദീസെ നിഅ്മത്ത്)



**മൊറീഷ്യസിൽ മൗലാനാ ജമാൽ അഹമ്മദ് സാഹിബിന്റെ മഖ്ബറയിൽ ഹുസൂർ ദുഃആ ചെയ്യുന്നു**

കുരിശേന്തിയ വ്യാഖ്യാനം

ഇബ്നു ഹമീദ്

# നബി(സ)ന്റെ ഭാര്യമാർ

يٰۤاَيُّهَا النَّبِيُّ اِنَّاۤ اَحْلَلْنَا لَكَ اَزْوَاجَكَ الّٰتِيْۤ اٰتَيْتَ اُجُوْرَهُنَّ وَمَا مَلَكَتْ يَمِيْنُكَ مِمَّاۤ اَفَآءَ اللّٰهُ عَلَيْكَ وَبَنٰتِ عَمِّكَ وَبَنٰتِ عَمّٰتِكَ وَبَنٰتِ خَالِكَ
وَبَنٰتِ خٰلٰتِكَ الّٰتِيْ هَاجَرْنَ مَعَكَ ۫ وَامْرَاَةً مُّؤْمِنَةً اِنْ وَّهَبَتْ نَفْسَهَا لِلنَّبِيِّ اِنْ اَرَادَ النَّبِيُّ اَنْ يَّسْتَنْكِحَهَا ۗ خَالِصَةً لَّكَ مِنْ دُوْنِ الْمُؤْمِنِيْنَ ؕ قَدْ عَلِمْنَا مَا فَرَضْنَا
عَلَيْهِمْ فِيْۤ اَزْوَاجِهِمْ وَمَا مَلَكَتْ اَيْمَانُهُمْ لِكَيْلَا يَكُوْنَ عَلَيْكَ حَرَجٌ ؕ وَكَانَ اللّٰهُ غَفُوْرًا رَّحِيْمًا ﴿۵۱﴾

ഓ നബീ, നീ വിവാഹമൂല്യം നല്കിയ നിന്റെ ഭാര്യമാരേയും അല്ലാഹു നിനക്ക് യുദ്ധത്തിന്റെ ഫലമായി നലികിയതിൽ നിന്ന് നിന്റെ അധീനത്തിലായിട്ടുള്ള സ്ത്രീകളേയും നിന്നോടൊപ്പം ഹിജ്റത് ചെയ്തുവന്ന നിന്റെ പിതൃവ്യപുത്രിമാരേയും നിന്റെ പിതൃസഹോദരീപുത്രിമാരേയും നിന്റെ മാതൃസഹോദരപുത്രിമാരേയും നിന്റെ മാതൃസഹോദരീ പുത്രിമാരേയും ഒരു സത്യവിശ്വാസിനി തന്നെ നബിക്ക് ദാനം ചെയ്യുകയും നബി അവളെ വിവാഹം ചെയ്യാൻ ഉദ്ദേശിക്കുകയും ചെയ്യുന്നപക്ഷം അവളേയും നാം നിനക്കനുവദിച്ചുതന്നിരിക്കുന്നു. (ഇത്) ഇതര വിശ്വാസികൾക്കില്ലാത്ത നിനക്ക് മാത്രമായൊരു വിധിയാകുന്നു. അവരുടെ ഭാര്യമാരേ സംബന്ധിച്ചും അവരുടെ അടിമസ്ത്രീകളെ സംബന്ധിച്ചും അവരുടെ (സത്യവിശ്വാസികളുടെ)മേൽ നാം ചുമത്തിയ ചുമതലകളെന്താണെന്ന് നമുക്ക് നല്ലവണ്ണം അറിയാം. നിനക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാകാതിരിക്കാൻ വേണ്ടിയാണിത്. അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.(സൂറ: അഹ്സാബ് ആയത്ത് : 51 )

### ക്രിസ്ത്യാനികൾ

മുഹമ്മദ് എന്തുകൊണ്ടാണ് തന്റെ കാര്യത്തിൽ മാത്രം വിലക്കിനെ അവഗണിച്ച് ഇസ്ലാം മതനിയമം അനുശാസിക്കുന്നതിലധികം സ്ത്രീകളെ ഭാര്യമാരാക്കിയത്? ഒരു സ്ത്രീ സ്വയം സമർപ്പിക്കുകയാണെങ്കിൽ അവളെ അദ്ദേഹത്തിന് വിവാഹം കഴിക്കാമായിരുന്നു. അദ്ദേഹത്തിന് അവളോട് താൽപര്യം തോന്നിയാൽ. അങ്ങിനെ അദ്ദേഹം മരിക്കുന്ന സമയത്ത് വിവാഹം കഴിച്ച ഒമ്പത് ഭാര്യമാരും പുറമേ രണ്ട് വെപ്പാട്ടിമാരും (മാരിയയും റയ്ഹാനത്തും) അദ്ദേഹത്തിന്റെ അധീനതയിലുണ്ടായിരുന്നു.

(ഖുർആൻ തെറ്റുകൾക്കതീതമാണോ? പേജ്: 332
പ്രസാധനം: ന്യൂഹോപ്പ് ഇന്ത്യാമിഷൻ, കോഴിക്കോട്?)

### മൗലാനാ മൗദൂദി

തിരുമേനിക്ക് അഞ്ചു പത്നിമാരെ അനുവദിച്ചുകൊടുത്തതിനു പുറമേ ഈ സൂക്തം ഏതാനും ചിലയിനം സ്ത്രീകളെ കൂടി ഇനിയും വിവാഹം ചെയ്യാൻ അനുവാദം നൽകുന്നു.

1. തിരുമേനിയുടെ അധീനത്തിൽ വരുന്ന അടിമസ്ത്രീകൾ. ഈ അനുവാദമനുസരിച്ച് നബി(സ) ബനൂ ഖുറൈള യുദ്ധത്തിൽ പിടിക്കപ്പെട്ട സ്ത്രീകളിൽ നിന്ന് ഹ.റൈഹാനയേയും ബനൂ മുസ്തലിഖ് യുദ്ധത്തിൽ പിടിക്കപ്പെട്ടവരിൽ നിന്ന് ഹ. ജുവൈരിയ്യയേയും ഖൈബർ യുദ്ധത്തിൽ പിടിക്കപ്പെട്ടവരിൽ നിന്ന് ഹ. സഫിയ്യയേയും ഈജിപ്തിൽ നിന്ന് മുഖൗഖസ് തിരുമേനിക്കയച്ചുകൊടുത്ത മാരിയ എന്ന കോപ്റ്റിക് വംശജയെയും തന്റെ സ്ത്രീകളാക്കിയിരുന്നു. ഇവരിൽ ആദ്യത്തെ മൂന്ന്പേരെ അദ്ദേഹം സ്വതന്ത്രകളാക്കി വിവാഹം ചെയ്തു. എന്നാൽ ഹ. മാരിയ തിരുമേനിയുമായി ദാമ്പത്യം പങ്കിട്ട ദാസിയായിരുന്നു. അവരെ സ്വതന്ത്രയാക്കി വാവാഹം ചെയ്തതായി സ്ഥിരപ്പെട്ടിട്ടില്ല.

(തഫ്ഹീമുൽ ഖുർആൻ ഭാഗം: 4 പേജ്: 104(മലയാളം)

### സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ

ഇസ്ലാം ആശ്ലേഷിക്കുകയാണെങ്കിൽ റൈഹാനയെ വിവാഹം കഴിക്കാമെന്ന് പ്രവാചകൻ വാക്ക് നൽകി. ആദ്യം വിസമ്മതിച്ചെങ്കിലും പിന്നീടവർ ഇസ്ലാം മതം ആശ്ലേഷിച്ചു. പ്രവാചകൻ അവരെ വിവാഹം കഴിച്ചോ അതോ സേവകയാക്കിവെച്ചോ എന്നതിൽ പണ്ഡിതന്മാർക്കിടയിൽ ഭിന്നഭിപ്രായമുണ്ട്.

(മുസ്ലിം ലോകം ഇയർബുക്ക് 1423 ഭാഗം: 1, പേജ്: 397)

**എന്നാൽ**

### ഹ. ഖലീഫത്തുൽ മസീഹ് II(റ) പറയുന്നു

ഇത്തരത്തിലുള്ള ഒരു സ്ത്രീയേയും നബി(സ) വിവാഹം കഴിച്ചിട്ടില്ല. ഈ എല്ലാ നിയമങ്ങളും അനുവാദം എന്ന നിലക്കാണ്. ശത്രുക്കൾ ആക്ഷേപിക്കുന്നത്, തിരുനബി(സ) തനിക്ക് വേണ്ടി പ്രത്യേകം കൽപനകൾ ഇറക്കി എന്നാണ്. പക്ഷേ നബി(സ) ഈ അനുവാദങ്ങൾ പ്രാവർത്തികമാക്കിയിട്ടേ ഇല്ല. അതുകൊണ്ട് തന്നെ ശത്രുക്കളുടെ മുഖം കരുവാളിക്കുകയാണ്. തന്റെ ആഗ്രഹങ്ങൾ പൂർത്തീകരിക്കാൻ പ്രത്യേക സംഗതികൾ വിശുദ്ധ ഖുർആൻ അവതരിപ്പിച്ചു എന്ന ആരോപണവും ഇവിടെ വ്യർഥമാവുകയാണ്. ഈ കൽപ്പന ചില ഭാര്യമാരെക്കുറിച്ച് നബി(സ)ന്റെ നല്ല അഭിപ്രായം വെളിപ്പെടുന്നതിന്നായിട്ടുള്ളതാണ്. നബി(സ)ന് വേണ്ടി പ്രത്യേകം വഴി തുറക്കാനുള്ളതല്ല.

(തഫ്സീർ കബീർ സൂറ: അഹ്സാബ് ആയത്ത് 51)

## പുണ്യാത്മാക്കൾ

**ഹദ്റത് മീർ നാസിർ നവാബ് സാഹിബ്(റ)**



ജനനം : 1864 (ഡയിൽ)

ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ രണ്ടാമത്തെ സഹധർമിണി ഉമ്മുൽ മുഅ്മിനീൻ ഹദ്റത് സയ്യിദ നുസ്റത് ജഹാൻ ബേഗം (റ.അ) ഇദ്ദേഹത്തിന്റെ മകളാണ്.

സർക്കാരിൽ ഓവർസീയറായി അമൃത്സർ, സറ്യാലി, കാൽവൻ, തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്.

1891 ൽ ആണ് ബയ്അത്ത് ചെയ്തത്.

ദേഹം കൊണ്ടും ധനം കൊണ്ടും ജമാഅത്തിന് ആദ്യകാലങ്ങളിൽ ഏറെ സഹായം ചെയ്യാൻ സൗഭാഗ്യം ലഭിച്ചിട്ടുണ്ട്.

രണ്ടാം ഖിലാഫത്ത് കാലത്ത്, ഖിലാഫത്തിനെ നിഷേധിച്ച് പുറത്ത് പോയവർ ജമാഅത്തിന്റെ ഖജനാവും കൊണ്ടാണ് കടന്നുകളഞ്ഞത്. ഈ സന്നിഗ്ധഘട്ടത്തിൽ മീർ സാഹിബ്, വലിയൊരു തുക ഹ. മുസ്ലിഹ് മൗഊദ്(റ)ന് മുന്നിൽ സമർപ്പിക്കുകയുണ്ടായി.

ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ കൂടെ 1908 - ൽ ലാഹോറിലേക്ക് യാത്ര ചെയ്തിട്ടുണ്ട്. ഹുസൂർ(അ) ഈ യാത്രയിൽ ലാഹോറിൽ വെച്ച് വഫാത്തായി.

സേവനങ്ങൾ: മാനേജർ മദ്റസ തഅ്ലീമുൽ ഇസ്ലാം, നാസിം തഅ്മീറാത്ത്, ഓഫീസർ ബിഹിശ്തി മഖ്ബറ

വഫാത്ത് : 1924 സെപ്തംബർ 19.


ഹ. ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ നിർദേശപ്രകാരം ഹ. മൗലാനാ ശേർ അലി സാഹിബ് ജനാസ നമസ്കരിപ്പിച്ചു. ബഹിശ്തി മഖ്ബറ(ഖാദിയാൻ)യിൽ അന്ത്യവിശ്രമം കൊള്ളുന്നു. ഹുസൂർ ലണ്ടനിലായിരുന്നു. അവിടെ ഹുസൂർ ജനാസ ഗാഇബ് നമസ്കരിച്ചു.

നുറുങ്ങുകൾ

എസ്.ഡി

## ഖലീഫയും മുജദ്ദിദും

**മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ്**



ഞാൻ മൂന്നാം ഖിലാഫത്ത് കാലത്ത് ഹൈദരാബാദ് സിന്ധ്‌ലെ ഒരു ഇജ്തിമാഇൽ പങ്കെടുക്കാൻ എത്തിയതായിരുന്നു. ഖിലാഫത്ത് ഉണ്ടായിരിക്കെ മുജദ്ദിദ് വരുമോ? എന്ന ചോദ്യം അവിടെ ഉന്നയിക്കപ്പെട്ടു. ഞാൻ ചോദിച്ചു. എല്ലാ മുജദ്ദിദുകളും ഒരു സ്ഥലത്ത് നിൽക്കുകയാണെന്ന് സങ്കൽപ്പിക്കുക. അവിടെ നബി(സ)ന്റെ ഒരു സ്വഹാബി കയറിവന്നാൽ ആരാണ് നമസ്കരിപ്പിക്കുക.

സദസ്യർ ഒന്നടങ്കം പറഞ്ഞു, സ്വഹാബി. ഞാൻ ഈ സംഗതിയെ എടുത്തു കൊണ്ട് പറഞ്ഞു, സ്വഹാബിയുടെ സ്ഥാനം മുജദ്ദിദിനേക്കാളും വലുതാണ്. നബി(സ)ന്റെ വഫാത്തിന് മുമ്പേ ഒരു സൈന്യത്തെ സിറിയയിലേക്ക് അയക്കാൻ തയ്യാറാക്കിയിരുന്നു. വഫാത്തിനെ തുടർന്ന് മദീനയിൽ ആകെ കലുഷിതാവസ്ഥയായി. അതുകൊണ്ട് തന്നെ സൈന്യത്തെ അയക്കരുതെന്ന് എല്ലാ സ്വഹാബാക്കളും ആവശ്യപ്പെട്ടെങ്കിലും ഖലീഫ അബൂബക്കർ(റ) എല്ലാ അഭിപ്രായങ്ങളും ഒഴിവാക്കിക്കൊണ്ട് സൈന്യത്തെ അയക്കുകയാണുണ്ടായത്. എല്ലാ സ്വഹാബാക്കളും ഖിലാഫത്തിന്റെ തീരുമാനം പൂർണമായും ശിരസാ വഹിച്ചു. ഇതിൽ നിന്ന് മനസിലാവുന്നത് ഖലീഫയുടെ സ്ഥാനം മുജദ്ദിദിയ്യത്തിനേക്കാളും ഉയർന്നതാണെന്നാണ്. (അവ: ദിൽ ചസ്പ് ഇൽമീ വാഖിആത്ത് വ മുശാഹിദാത്ത്)

# ദഅ്വത്തെ ഇലല്ലാഹ് ക്ലാസുകൾ

**കരുനാഗപ്പള്ളി:** പ്രാദേശിക ജമാഅത്ത് സംഘടിപ്പിച്ച ദഅ്വത്തെ ഇലല്ലാഹ് ക്ലാസിൽ മൗ.മുഹമ്മദ് നജീബ് ഖാൻ സാഹിബ് അധ്യക്ഷത വഹിച്ചു. ദാഈ ഇലല്ലാഹ്മാരുടെ ചോദ്യങ്ങൾക്ക് മൗ.കെ. മഹ്മൂദ് അഹ്മദ് സാഹിബ് മറുപടി പറഞ്ഞു. മോഖലാ അമീർ അഹ്മദ് ശരീഫ് സാഹിബും മൗലവി. സി. മുഹമ്മദ് ഫാറൂഖ് സാഹിബും സന്നിഹിതരായിരുന്നു. 35 ദാഈ ഇലല്ലാഹ്മാർ പങ്കെടുത്തു.

**കണ്ണൂർസിറ്റി:** കണ്ണൂർ സിറ്റി ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ദഅ്വത്തെ ഇലല്ലാഹ് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. പ്രാദേശിക മുബല്ലിഗ് ടി.എം. മുഹമ്മദ് സാഹിബ് അധ്യക്ഷതവഹിച്ചു. റിയാസ് അഹ്മദ് സാഹിബ് തിലാവത്ത് നിർവഹിച്ചു. മുബല്ലിഗ്മാരായ മൗലവി. എച്ച്.ശംസുദ്ദീൻ സാഹിബും, മൗലവി. കെ. മഹ്മൂദ് അഹ്മദ് സാഹിബും ക്ലാസെടുത്തു.

**കൊച്ചി:** പ്രസിഡണ്ട് ജെ.എച്ച് നാസിർ സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന ദഅ്വത്തെ ഇലല്ലാഹ് ബോധവൽക്കരണ ക്യാമ്പ് മേഖലാ അമീർ അഹ്മദ് കബീർ സാഹിബ് ഉദ്ഘാടനം ചെയ്തു. മൗലവി.മുഹമ്മദ് നജീബ് ഖാൻ സാഹിബ്, മൗലവി. എം. നാസിർ അഹ്മദ് സാഹിബ്, മൗലവി. സി.മുബശിർ അഹ്മദ് സാഹിബ് എന്നിവർ ക്ലാസെടുത്തു.

## ഖിലാഫത്ത് ദിനയോഗം

**കരുളായി:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ നാഇബ് ഖാഇദ് എം. ശഫീഖ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ മൗലവി. എൻ. ശഫീഖ് അഹ്മദ് സാഹിബ് ഖിലാഫത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഉത്തരവാദിത്വത്തെ ക്കുറിച്ചും ക്ലാസെടുക്കുകയുണ്ടായി. ശേഷം കുലൂ ജമീഅൻ(സമൂഹസദ്യ) സംഘടിപ്പിച്ചു. മജ്ലിസിലെ മുഴുവൻ അത്ഫാലുകളും ഖാദിമീംകളും പങ്കെടുത്തു.

# ജർമനി ജൽസ വിജയകരമായി സമാപിച്ചു.

## 30000 പേർ പങ്കെടുത്തു

ജർമനി : അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ജർമനിയുടെ 36-ാമത് ജൽസാ സാലാനാ ഹുസൂർ തിരുമനസിന്റെ മഹനീയ സാന്നിധ്യത്തിൽ ജൂൺ 24, 25, 26 തിയ്യതികളിൽ വിജയകരമായി സംഘടിപ്പിച്ചു.

24 ന് ജുമുഅ ഖുത്ബയോടുകൂടിയാണ് ഹുസൂർ ജൽസ ഉദ്ഘാടനം ചെയ്തത്. ജുമുഅ തുടങ്ങുന്നതിന് തൊട്ട് മുൻപ് ഹുസൂർ ഇസ്ലാമിക പതാക ഉയർത്തുകയുണ്ടായി.

25 ന് ഹുസൂർ മഹിളകളെ അഭിസംബോധന ചെയ്യുകയും വൈകീട്ട് പ്രഭാഷണം നടത്തുകയും ചെയ്തു. 26 ന് ഹുസൂർ സമാപന പ്രഭാഷണത്തിന് ശേഷം ഇജ്തിമാഈ ദുഃആക്ക് നേതൃത്വം നൽകി.

മൂന്ന് ദിവസങ്ങളിലായി ജർമനി അമീർ അബ്ദുല്ല വാഗസ് ഹാഉസർ സാഹിബ്, മുബല്ലിഗ് ഇൻചാർജ് മൗലാനാ ഹൈദരലി സാഹിബ് സഫർ, അമേരിക്കൻ മുബല്ലിഗ് ഇൻചാർജ് മൗലാനാ നസീം മഹ്ദി സാഹിബ്, ഹുസൂറിന്റെ പ്രൈവറ്റ് സെക്രട്ടറി മൗലാനാ മുനീർ അഹ്മദ് സാഹിബ് ജാവേദ്, മുബല്ലിഗ്മാരായ മൗ. ശംശാദ് അഹ്മദ് സാഹിബ് ഖമർ, മൗ. അബ്ദുസ്സമദ് സാഹിബ് ഗോരി, മൗ. മുഹമ്മദ് ദീൻ സാഹിബ്, മൗ. അശ്റഫ് അഹ്മദ് സാഹിബ് സിയാ, മൗ. സാജിദ് അഹ്മദ് സാഹിബ്, മൗ. അബ്ദുൽ ബാസിത് സാഹിബ് ത്വാരിഖ് എന്നിവർ വിവിധ വിഷയങ്ങളെ പുരസ്കരിച്ച് പ്രഭാഷണങ്ങൾ നടത്തി. ലജ്ന സെഷനിൽ ഹുസൂറിന്റെ പ്രഭാഷണത്തിന് പുറമേ ലജ്ന ഭാരവാഹികളും പ്രസംഗിച്ചു.

വിവിധ പ്രദേശങ്ങളിൽ നിന്നായി മുപ്പതിനായിരം അതിഥികൾ ജൽസയിൽ സംബന്ധിച്ചു. പരീക്ഷകളിൽ വിജയികളായവർക്ക് ഹുസൂർ തിരുമനസ് അവാർഡുകൾ വിതരണം ചെയ്തു.

# ശാരീരിക ക്ഷമത നിലനിർത്തി ഊർജസ്വലരാകുക

## പ്രൊഫ: അബ്ദുൽകരീം സാഹിബ്

**തിരുവിഴാംകുന്ന്:** തുടർച്ചയായ കായിക പരിശീലനത്തിലൂടെ ശാസീരിക ക്ഷമത നില നിർത്തണമെന്നും ഊർജസ്വലരായി ജമാഅത്തിനും, സമൂഹത്തിനും സേവനം ചെയ്യുന്നവരായിരിക്കണം യുവതലമുറയെന്നും പാലക്കാട് മേഖല അമീർ പ്രൊഫ: അബ്ദുൽകരീം സാഹിബ് ആഹ്വാനം ചെയ്തു. തിരുവിഴാംകുന്ന് വെച്ച് നടന്ന പാലക്കാട് - തൃശൂർ ജില്ല ഖുദ്ദാം അത്ഫാൽ സ്പോർട്സ് മീറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മധ്യമേഖല ഇലാക്ക നാഇബ് ഖാഇദ് K. ഉണ്ണീൻ സാഹിബ് അദ്ധ്യക്ഷത വഹിച്ചു. സ്കൂൾ പ്രധാന അദ്ധ്യാപകൻ ജയപ്രകാശൻ, ഇലാക്ക സ്പോർട്സ് സെക്രട്ടറി C.S ഇല്ല്യാസ് സാഹിബ് എന്നിവർ ആശംസകൾ നേർന്നു. ജില്ലാ ഖാഇദ് ഹാരിസ് സാഹിബ് സ്വാഗതവും സ്പോർട്സ് സെക്രട്ടറി C.S ശാഹിദ് നന്ദിയും പറഞ്ഞു. മൗലവി K. മുഹമ്മദ് സലീം സാഹിബ് ഖുർആൻ പാരായണം ചെയ്തു. സർക്കിൾ ഇൻചാർജ് മൗലവി മുഹമ്മദ് മൻസിൽ സാഹിബ് സമ്മാനദാനം നിർവഹിച്ചു. Cross Country മത്സരത്തോട് കൂടി തുടങ്ങിയ മത്സരങ്ങളിൽ ഖാദിമീങ്ങളും അത്ഫാലുകളും സജീവമായി പങ്കെടുത്തു.

# മുഅല്ലിം റഫ്രഷർ കോഴ്സ്

**കോഴിക്കോട് :** വഖ്ഫെ ജദീദ് ഇർശാദ് ഖാദിയാന്റെ നിർദേശപ്രകാരം മുഅല്ലിംകൾകുള്ള 10 ദിവസത്തെ റഫ്രഷർ കോഴ്സ് ബൈത്തുൽ ഖുദ്ദൂസിൽ സംഘടിപ്പിച്ചു. മൗ. മുഹമ്മദ് ഇസ്മാഈൽ സാഹിബ്, മൗ. എം. നാസിർ അഹ്മദ് സാഹിബ്, മൗ. എം. സഫർ അഹ്മദ് സാഹിബ്, മൗ. പി. അബ്ദു നാസിർ സാഹിബ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

# സ്നേഹ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക:

## ബി. ബി. അഹ്മദ് കബീർ സാഹിബ്

**എറണാകുളം:** വ്യത്യസ്ത മതസ്ഥർ തമ്മിലുള്ള വിദ്വേഷം ഇല്ലാതാക്കുന്നതിന് മതങ്ങൾ തമ്മിലുള്ള സ്നേഹ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കണമെന്ന് എറണാകുളം സോണൽ അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് അഭിപ്രായപ്പെട്ടു. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ സൗത്ത് ഇലാഖ സംഘടിപ്പിച്ച ദീനിവിജ്ഞാന സദസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സ്വന്തം മതത്തിന്റെ അദ്ധ്യാപനങ്ങൾ എന്താണെന്ന് പോലും പഠിക്കാത്തതാണ് പ്രശ്നങ്ങൾക്ക് കാരണം. പരസ്പര ചർച്ചകൾ അറിവ് വിപുലമാക്കുന്നു. നന്മ ആഗ്രഹിക്കുന്നവർ മതസംവാദങ്ങൾക്ക് തയ്യാറാവണം. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് ഇലാഖാ ഖാഇദ് ഇ. എച്ച്. നജീബ് അദ്ധ്യക്ഷത വഹിച്ചു. യാസർ അറഫാത്ത് വിശുദ്ധ ഖുർആൻ പാരായണം നിർവഹിച്ചു. 'കുരിശുസംഭവം: വേദം, ശാസ്ത്രം, ചരിത്രം-ഒരന്വേഷണം' എന്ന വിഷയത്തെക്കുറിച്ച് ചർച്ചാ വേദിയും സംഘടിപ്പിച്ചു. മൗലവി എം. നാസിർ അഹ്മദ് സാഹിബ് കെ. പരീത് സാഹിബ് വാഴക്കാല തുടങ്ങിയവർ പങ്കെടുത്തു.



റഫ്രഷർ കോഴ്സിൽ പങ്കെടുത്തവർ

# ആവേശകരമായ ഖുദ്ദാം ഇജ്ത്തിമാകൾ

**യാദ്ഗീർ**: അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഉത്തര കർണ്ണാടക മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെയും അത്ഫാലുൽ അഹ്മദിയ്യായുടെയും 8ാം വാർഷിക ഇജ്ത്തിമാ ജൂൺ 4,5 തിയ്യതികളിൽ യാദ്ഗീറിൽ വെച്ച് നടന്നു. ഇജ്ത്തിമയുമായി ബന്ധപ്പെട്ട തയ്യാറെടുപ്പുകൾ രണ്ടാഴ്ച മുമ്പേ ആരംഭിച്ചിരുന്നു. ഖുദ്ദാം,അത്ഫാൽ സഹോദരന്മാരുടെ പ്രയത്ന ഫലമായി ഈ ഇജ്ത്തിമ വളരെ വിജയകരമായിരുന്നു.പതാക ഉയർത്തലിനും ദുആക്കും ശേഷം ഇജ്ത്തിമയുടെ ഉൽഘാടന സെഷൻ ആരംഭിച്ചു.




ബഹുമാന്യ സോണൽ അമീർ ഉത്തര കർണ്ണാടകയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉൽഘാടന സെഷനിൽ കേന്ദ്ര പ്രതിനിധികളായി സി.ശമീം സാഹിബ് നാഇബ് സദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഭാരത്, ഗുലാം ആസിമുദ്ദീൻ സാഹിബ് മുഅ്ത്തമിദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് എന്നിവർക്ക് പുറമേ മുസവ്വിർ അഹ്മദ് സാഹിബ് സോണൽ ഖാഇദ് ഉത്തര കർണ്ണാടക,സക്കരിയ്യാ സാഹിബ് അമീർ ജമാഅത്ത് യാദ്ഗീർ, സർക്കിൾ ഇൻചാർജ്ജ്മാർ, മറ്റ് മുബല്ലിഗ്മാർ എന്നിവർ സ്റ്റേജിൽ ഉപവിഷ്ടരായിരുന്നു.ഇവർക്ക് പുറമേ വിശിഷ്ട അതിഥിയായി ഒരു ഹിന്ദു ലീഡറും ക്ഷണിക്കപ്പെട്ടിരുന്നു. മശുദ് അഹ്മദ് സാഹി ബ് സുഹൈൽ ഗുൽബർഗിയുടെ ഖുർആൻ പാരായണത്തോടെ ആരംഭിച്ച യോഗത്തിൽ സി. ശമീം സാഹിബ് നാഇബ് സദർ മദ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് സത്യവാചകം ചൊല്ലിക്കൊടുത്തു.സദർ സാഹിബ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ സന്ദേശം ഗുലാം ആസിമുദ്ദീൻ സാഹിബ് മുഅ്തമിദ് ഭാരത് വായിച്ച് കേൾപ്പിച്ചു.റിപ്പോർട്ട് അവതരണത്തിന് ശേഷം സി.ശമീം സാഹിബ് നാഇബ് സദർ ഭാരത്, ജമാഅത്തിന്റെ പ്രവർത്തനത്തിൽ ഓരോ അഹ്മദിയും ഭാഗഭാക്കാകേണ്ടതാണെന്നും ഇത്തരം സേവനങ്ങൾ ചെയ്യാൻ സൗഭാഗ്യം ലഭിച്ചുവരുന്ന നാം വളരെയേറെ സൗഭാഗ്യവാന്മാരാണന്നും തന്റെ പ്രഭാഷണത്തിൽ പറഞ്ഞു.അദ്ധ്യക്ഷഭാഷണത്തിനും ദുആക്കും ശേഷം ഉൽഘാടന സെഷൻ സമാപിച്ചു.ശേഷം ഖുദ്ദാം, അത്ഫാലിന്റെ വൈജ്ഞാനിക മത്സരങ്ങൾ നടന്നു.

ജൂൺ 5ന് ഞായറാഴ്ച തഹജ്ജുദ്, സുബ്ഹി നമസ്ക്കാരങ്ങൾക്ക് ശേഷം ഖുദ്ദാം, അത്ഫാൽ വിവിധ കായിക മത്സരങ്ങൾ നടന്നു. മഗ്‌രിബ് ഇശാ നമസ്ക്കാരങ്ങൾക്ക് ശേഷം നടന്ന സമാപന യോഗത്തിൽ വിജയികൾക്കുള്ള സമ്മാനദാനത്തിന് ശേഷം ദുആയോട് കൂടി ഇജ്ത്തിമ സമാപിച്ചു.

**ഹൈദരാബാദ്**: ജൂൺ 11,12 തിയ്യതികളിലായി ഹൈദരാബാദിൽ നടന്നു. മേഖലയിലെ എല്ലാ മജ്‌ലിസുകളിൽ നിന്നുമായി 600 ൽ പരം ഖാദിമുകൾ പങ്കെടുത്തു. ഇജ്ത്തിമയുടെ വിജയത്തിനായി കഴിഞ്ഞ ഒന്നര മാസമായി തയ്യാറെടുപ്പ് നടത്തി വരികയായിരുന്നു.

രണ്ട് ദിവസങ്ങളിലായി നടന്ന ഇജ്ത്തിമയുടെ ആദ്യദിവസം കായിക മത്സരങ്ങളാണ് നടന്നത്. ഫ്രീ മെഡിക്കൽ ക്യാംപും കരകൗശല വസ്തുക്കളുടെ പ്രദർശനവുമുണ്ടായിരുന്നു.രണ്ടാം ദിവസം തഹജ്ജുദ്, സുബ്ഹി നമസ്ക്കാരം ദർസ് എന്നിവയ്ക്ക് ശേഷം വൈജ്ഞാനിക മത്സരങ്ങൾ സംഘടിപ്പിച്ചു. ഹൈദരാബാദ് മേഖലാ അമീറിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ സി. ശമീം സാഹിബ് നാഇബ് സദർ ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത്,ഗുലാം ആസിമുദ്ദീൻ സാഹിബ് മുഅ്തമിദ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത്, അമീർ ജമാഅത്ത് ഹൈദരാബാദ്, ശേഖ് ബിശാറത്ത് അഹ്മദ് സാഹിബ് മുബല്ലിഗ് സിൽസില എന്നിവർ വിശിഷ്ട അതിഥികളായി സ്റ്റേജിൽ ഉപവിഷ്ടരായിരുന്നു. ഉൽഘാടന സെഷന് ശേഷം വൈജ്ഞാനിക മത്സരങ്ങളായിരുന്നു. ഇജ്ത്തിമയോടനുബന്ധിച്ച് നടന്ന സൗജന്യ വൈദ്യപരിശോധന എല്ലാ ഖുദ്ദാം അത്ഫാൽ അംഗങ്ങളും പ്രയോജനപ്പെടുത്തുകയുണ്ടായി.




**തിരുപ്പൂർ** : ഇവിടെ ചേർന്ന ഖുദ്ദാം തമിഴ്നാട് ഉത്തര മേഖലാ ഇജ്ത്തിമാഅ് മേഖലാ അമീർ എം. ബിശാറത്ത് അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ ഖുദ്ദാം നാഇബ് സദ്ർ സി.ശമീം സാഹിബ് ഉദ്ഘാടനം ചെയ്തു. വൈജ്ഞാനിക കായിക മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു. മൗ. ഒ.എം. മുസ്സമിൽ അഹ്മദ് സാഹിബ് ക്ലാസെടുത്തു.

**മർക്കര** : കർണാടക ദക്ഷിണ മേഖലാ ഇജ്തിമാഅ് ഇവിടെ മസ്ജിദിൽ സംഘടിപ്പിച്ചു. മേഖലാ അമീർ ശഫീഉല്ലാഹ് സാഹിബ് അധ്യക്ഷനായി. ഖുദ്ദാം നാഇബ് സദ്ർ സി.ശമീം സാഹിബ് ഉദ്ഘാടനം നിർവ്വഹിച്ചു. നേരത്തെ അദ്ദേഹം പതാക ഉയർത്തിയിരുന്നു. ബാംഗ്ലൂർ മുബല്ലിഗ് മൗ. മുഹമ്മദ് കലീം ഖാൻ സാഹിബ് ക്ലാസെടുത്തു.

**കരുളായി** :- മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെയും അത്ഫാലുൽ അഹ്മദിയ്യായുടെയും പ്രാദേശിക ഇജ്ത്തിമ 12.6.2011 ഞായറാഴ്ച സംഘടിപ്പിച്ചു.

മലപ്പുറം മേഖലാ ഖാഇദ് ജനാബ് മുസദ്ദിഖ് അഹ്മദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ, സെൻട്രൽ ഇലാഖാ ഖാഇദ് ഇജ്ത്തിമ ഉൽഘാടനം ചെയ്തു. സെൻട്രൽ ഇലാഖാ നാഇബ് ഖാഇദ് ജനാബ് ഉണ്ണീൻ സാഹിബ്,കരുളായി മജ്‌ലിസ് അൻസാറുള്ളാ സഈം ഒ.കെ സുലൈമാൻ സാഹിബ് എന്നിവർ ആശംസകളർപ്പിച്ചു. ഇജ്ത്തിമയിൽ മൗലവി .എൻ.ശഫീഖ് അഹ്മദ് സാഹിബിന്റെ തർബിയ്യത്ത് ക്ലാസ്സും ഖുദ്ദാം,അത്ഫാൽ സഹോദരന്മാരുടെ വൈജ്ഞാനിക മത്സരങ്ങളും ഉണ്ടായിരുന്നു.വിവിധ മത്സരങ്ങളിൽ സ്ഥാനങ്ങൾ കരസ്ഥമാക്കിയ അത്ഫാലുകൾക്ക് സമ്മാനം നൽകി.

**മാത്തോട്ടം** : പ്രാദേശിക ഖുദ്ദാം ഇജ്തിമാഅ് ഉത്തരമേഖലാ നാഇബ് ഖാഇദ് എം. ജലീൽ അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ സദ്ർ ജമാഅത്ത് പി.എം. ബശീർ അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്തു. മൗ. എം. സഫർ അഹ്മദ് സാഹിബ്, ശഫീഖ് അഹ്മദ് സാഹിബ്, കോഴിക്കോട് ഖാഇദ് അധ്യ. മുദസ്സിർ അഹ്മദ് സാഹിബ് എന്നിവർ ആശംസകൾ നേർന്നു. തഹജ്ജുദ് നമസ്കാരത്തോടെയാണ് പരിപാടികൾ ആരംഭിച്ചത്. വൈജ്ഞാനിക മൽസരങ്ങൾ ആവേശകരമായിരുന്നു.

വൈകിട്ട് സമാപന സെഷനിൽ ഖുദ്ദാം അഖിലേന്ത്യാ നാഇബ് സദ്ർ സി.ശമീം സാഹിബ് അധ്യക്ഷത വഹിച്ചു. മൗ. എച്ച്. ശംസുദ്ദീൻ സാഹിബ് ക്ലാസെടുത്തു.








**പത്തപ്പിരിയം**: മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ, അത്ഫാലുൽ അഹ്മദിയ്യാ സംയുക്ത ഇജ്ത്തിമ മെയ് 8 ഞായറാഴ്ച പത്തപ്പിരിയം മസ്ജിദ് നൂറിൽ സംഘടിപ്പിച്ചു.മലപ്പുറം മേഖലാ അമീർ പി.മുഹമ്മദലി മാസ്റ്റർ ഉൽഘാടനം ചെയ്തു.സെൻട്രൽ ഇലാഖാ ഖാഇദ് ടി.കെ മുശ്താഖ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മൗലവി പി.നാസർ സാഹിബ് എച്ച്.എ സംസാരിച്ചു.ഖാദിം അത്ഫാൽ അംഗങ്ങളുടെ വിവിധ വൈജ്ഞാനിക മത്സരങ്ങൾ സംഘടിപ്പിച്ചു.മലപ്പുറം ജില്ലാ ഖാഇദ് പി.പി മുസദ്ദിഖ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപന യോഗത്തിൽ,നബിതിരുമേനിയുടെ സഹാബാക്കൾ എന്ന വിഷയത്തെ സംബന്ധിച്ച് മൗലവി. എൻ. ശഫീഖ് അഹ്മദ് സാഹിബ് എച്ച്.എ ക്ലാസെടുത്തു.

# സംസ്ഥാന സമ്മേളനം നവംബറിൽ കോഴിക്കോട്ട് സബ്കമ്മിറ്റികളായി

**കോഴിക്കോട്:** നവംബർ 12, 13 തിയ്യതികളിൽ കോഴിക്കോട് വെച്ച് ചേരുന്ന സംസ്ഥാന സമ്മേളനം, പൂർവാധികം ഭംഗിയായി നടത്താൻ സബ് കമ്മിറ്റികളുടെ സംയുക്തയോഗം തീരുമാനിച്ചു. കോഴിക്കോട് മേഖലാ അമീർ സാഹിബിന്റെ നേതൃത്വത്തിലാണ് കമ്മിറ്റികൾ പ്രവർത്തിക്കുക. കോഴിക്കോട് ജമാഅത്തിലെ ബിച്ചി കോയട്ടി സാഹിബാണ് അഫ്സർ ജൽസാ. എറണാകുളം അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് പ്രോഗ്രാം കമ്മിറ്റിക്കും ഖുദ്ദാം അഖിലേന്ത്യാ നാഇബ് സദ്ർ സി.ശമീം സാഹിബ് ഖിദ്മത്തെ ഖൽഖ് വിഭാഗത്തിനും നേതൃത്വം നൽകും. സ്ത്രീകളുടെ സെക്ഷൻ ലജ്ന സംസ്ഥാന സദ്ർ സിദ്ദീഖ സഈദ് സാഹിബയുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുക.

മൗ. പി.എം. മുഹമ്മദ് സലിം സാഹിബ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. മൗ. എം. നാസിർ അഹ്മദ് സാഹിബ് കേന്ദ്ര നിർദേശങ്ങളും, ബി.ബി. അഹ്മദ് കബീർ സാഹിബ് പ്രവർത്തന നിർദേശങ്ങളും വിവിധ കമ്മിറ്റികളുടെ പേരുവിവരങ്ങളും കേൾപ്പിച്ചു. ചർച്ചകൾക്കൊടുവിൽ ബിച്ചികോയട്ടി സാഹിബ് സമ്മേളനത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് സംസാരിച്ചു. ഒന്നിടവിട്ട വർഷങ്ങളിൽ സംസ്ഥാന മേഖലാ സമ്മേളനങ്ങൾ നടത്താനാണ് കേന്ദ്രം അനുമതി നൽകിയിരിക്കുന്നത്. Love For All, Hatred For None എന്ന മുദ്രാവാക്യമാണ് സമ്മേളനത്തിന് അംഗീകരിച്ചത്. യോഗത്തിൽ സബ് കമ്മിറ്റി ഭാരവാഹികളും, കോഴിക്കോട് മാത്തോട്ടം, കൊടിയത്തൂർ, വടകര ജമാഅത്ത് പ്രതിനിധികളും സംബന്ധിച്ചു.



അൻസാറുല്ലാഹ് ഹൈദരാബാദ് മേഖലാ ഇജ്തിമാഅ് അഖിലേന്ത്യാ സദ്ർ ഖാരി നവാബ് അഹ്മദ് സാഹിബ് പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു.

## ഖിലാഫത്ത് ദിനം

**കടലായി:** അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ഖിലാഫത്ത് ദിനയോഗവും തബ്‌ലീഗ് ദിനയോഗവും സംയുക്തമായി സംഘടിപ്പിച്ചു. തഹജ്ജുദ് നമസ്ക്കാരത്തോടെ ആരംഭിച്ച പരിപാടിയിൽ ഖുർആൻ ക്ലാസ്, മുതിർന്നവർക്കും, കുട്ടികൾക്കും വേവ്വേറെ ക്വിസ് മത്സരങ്ങൾ, ബിസ്മില്ലാ, ആമീൻ ചടങ്ങുകൾ നടത്തി. മൗ.T.M.മുഹമ്മദ് സാഹിബ്, മൗ.ഹനീഫ് സാഹിബ്, മൗ. K.V ഷംസുദ്ദീൻ സാഹിബ്, തുടങ്ങിയവർ പ്രഭാഷണങ്ങൾ നടത്തി.മൗ. സലാം സാഹിബ്, ഷാജിർ സാഹിബ്, ഷറഫുദ്ദീൻ സാഹിബ് ആശംസകൾ നേർന്നു. ക്വിസ് മൽസര വിജയികൾക്കും മദ്രസ വിദ്യാർത്ഥികൾക്കുമുള്ള സമ്മാനങ്ങൾ നാസിമുദ്ദീൻ സാഹിബ് വിതരണം ചെയ്തു. പ്രസിഡന്റ് ഉസ്മാൻ സാഹിബ് അദ്ധ്യക്ഷം വഹിച്ചു.

### യൗമെ വാലിദൈൻ

കരുളായി : ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ യൗമെ വാലിദൈൻ സംഘടിപ്പിച്ചു. പ്രസിഡന്റ് ടി.കെ മുശ്താഖ് അഹ്മദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മൗ. എൻ ശഫീഖ് അഹ്മദ് സാഹിബ്, ടി.കെ. മഹ്മൂദ് സാഹിബ് ക്ലാസെടുത്തു. 19 കുട്ടികളുടെ തഖ്‌രീബെ ആമീനും S.S.L.C, +2 പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് സമ്മാനം നൽകുകയും ചെയ്തു.

## 45-ാ മത് യു.കെ ജൽസാ സാലാനാ

**2011 ജൂലൈ 22, 23, 24**

**ഹദീഖത്തുൽ മഹ്ദി - ലണ്ടൻ**


**ഹുസൂർ തിരുമനസിന്റെ പരിപാടികൾ**

| | |
|---|---|
| 22/7/11 (വെള്ളി) | 5:30 pm ജുമുആ ഖുത്ബ,<br>7.55 pm പതാക ഉയർത്തൽ,<br>8:00 pm ഉദ്ഘാടന പ്രഭാഷണം |
| 23/7/11 (ശനി) | 4.30 pm ലജ്ന സെഷൻ - പ്രഭാഷണം<br>8.00 pm ആഗോള പുരോഗതികളെകുറിച്ച് പ്രഭാഷണം |
| 24/7/11 (ഞായർ) | 5.30 pm ആഗോള ബയ്അത്ത്<br>7.30 pm സമാപന പ്രഭാഷണം |

24 ന് ജുമുഅ ഖുത്ബ മുതൽ മുഴുവൻ ജൽസാ പരിപാടികളും എം.ടി.എ യിൽ തൽസമയം സംപ്രേഷണം ചെയ്യുന്നതാണ്.

## ബിയാസ് - ഖാദിയാൻ റയിൽവേ റയിലിന് അനുമതിയായി

**ചണ്ഡീഗഡ് :** എക്സ്പാന്റഡ് ബോർഡ് ഫോർ റയിൽവേസ്, ബിയാസ് - ഖാദിയാൻ റയിൽവേ പാത ഉൾപ്പെടെ പുതിയ നിർമാണങ്ങൾക്ക് 240 കോടി രൂപ നീക്കിവെച്ചതായി ഗുരുദാസ്പൂർ എം.പി. പ്രതാപ് സിംഗ് ബാജ്വ അറിയിച്ചു.



ഏകദേശം 40. കി.മീ ദൂരമുള്ള ഈ റയിൽപാത തന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങളോടുള്ള ബാധ്യതയാണെന്നും അദ്ദേഹം പറഞ്ഞു. പുതിയ പാത സൈനികർക്കും ഏറെ പ്രയോജനപ്രദമായിരിക്കും.




**കരുളായി മജ്‌ലിസിന്റെ തർബിയ്യത്ത് ടൂറിൽ പങ്കെടുത്തവർ**


**The Editor, AL HAQ**
**C/o Majlis Khuddamul Ahmadiyya**
**Karulai , Malappuram, Kerala**

**E.mail: alhaqeditor@gmail.com**

**AL HAQ**

VOL: 19, ISSUE: 5
July 2011







# ചിറകുകൾ

اَلَمۡ یَرَوۡا اِلَی الطَّیۡرِ مُسَخَّرٰتٍ فِیۡ جَوِّ السَّمَآءِ ؕ مَا یُمۡسِکُہُنَّ اِلَّا اللّٰہُ ؕ اِنَّ فِیۡ ذٰلِکَ لَاٰیٰتٍ لِّقَوۡمٍ یُّؤۡمِنُوۡنَ ﴿۸۰﴾


ആകാശാന്തരീക്ഷത്തിൽ (അല്ലാഹുവിന്റെ നിയമങ്ങൾക്ക്) വിധേയമാക്കപ്പെട്ട നിലയിൽ പറവകളെ അവർ കാണുന്നില്ലേ? അല്ലാഹുവല്ലാതെ മറ്റാരും അവയെ പിടിച്ചു നിറുത്തുന്നില്ല. തീർച്ചയായും വിശ്വസിക്കുന്ന ജനങ്ങൾക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.(16:80)

**പക്ഷികൾക്ക് പ്രധാനമായും 4 തരം ചിറകുകളാണ് ഉള്ളത്.**




**1.** മരംക്കൊത്തിയെപ്പോലെ പെട്ടെന്ന് പറന്നു പൊങ്ങുന്ന പക്ഷികളുടെ ചിറക് അർധചന്ദ്രാകൃതിയിലാണ്.

- ചെറിയ ദൂരം അതിവേഗം പിന്നിടാം
- പക്ഷേ കുറെ ദൂരം വേഗത്തിൽ പറക്കാൻ കഴിയില്ല.
- തൂവലുകൾ അടുത്തടുത്തായല്ല അടുക്കിയിരിക്കുന്നത്.




**2.** Swift, Suolo. ഇരപിടിയൻ പക്ഷികൾ എന്നിവയുടെ ചിറകുകൾ വീതി കുറഞ്ഞ അഗ്രം കൂർത്താണ്.



- തൂവലുകൾ അടുത്തടുത്ത് ചേർത്ത് അടക്കിയിരിക്കുന്നു, വിമാനത്തിന്റെ ചിറകുകൾപോലെ പിന്നോട്ട് അല്പം ചെരിഞ്ഞിരിക്കുന്നു. ഇത് അതിവേഗം പറക്കാൻ സഹായകമാണ്.
- വേഗം പറക്കാം.

**3.** കടൽക്കാക്ക പോലുള്ളവയിൽ Gliding ചിറക് ആണുള്ളത്.



- വായുവിൽ തെന്നിപ്പറക്കാം
- പരന്ന് നീളമേറിയ ഇവയിൽ തൂവലുകൾ ചേർത്ത് അടുക്കിയിരിക്കുന്നു.



**4.** പരുന്ത്, കഴുകൻ, കൊറ്റി തുടങ്ങിയ പക്ഷികളിൽ Soring ചിറക് ആണുള്ളത്.

- താരതമ്യേന നീളം കുറവുള്ള തുവലുകൾ ചേർത്ത് അടുക്കിയിരിക്കുന്നത്.
- വായു പ്രവാഹത്തിലുണ്ടാകുന്ന മാറ്റങ്ങളെ ചെറുത്ത് വായുവിൽ തങ്ങി നിൽക്കാം.



- ഉയർന്നു പറക്കുകയും, ഇരകളെ റാഞ്ചി പെട്ടെന്ന് പറക്കാനും സഹായകമാണ്.

(ഡിസ്കവറി ചാനലിനോട് കടപ്പാട് )

Chairman
Management & Editorial Board : C.Zameem
Printer & Publisher : T.K.Mushtaq Ahmad
Manager : Shafeeq Ahmad Karulai
Circulation Manager : K.Mubarak Ahmad

Chief Editor : H.Shamsuddin
Editor : Shareef Karulai
Members : B.M.Shoukath Ali
Shareef Ahmad
K.Noorudheen

Not for sale - circulation among members only

Views expressed in this publication are not necessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad , for Majlis Khuddamul Ahmadiyya Kerala at Orange ,Calicut